# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കല്ലിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/TVM/GP-4/1470/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP-4/1470/2023 തീയ്യതി: 03/11/2023

## തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലീന.പി.ബി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ബിന്ദുലത.ബി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. വെർജിൻ ഷീജ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുനിതാ ബാബു.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.കെ.ചന്ദ്രകൃഷ്ണ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.എം.ജയകുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മൃദുല.എസ് | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോക്ടർ.രാജശേഖരൻ | മെഡിക്കൽഓഫീസർആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോക്ടർ.സുനിത | മെഡിക്കൽഓഫീസർ ,പി.എച്ച്.സി | 01-04-2022 | 27-04-2022 |
| ഡോക്ടർ.അനുഷ കരീം | മെഡിക്കൽഓഫീസർ ,പിഎച്ച്.സി | 28-04-2022 | 09-05-2022 |
| ഡോക്ടർ.നിഷ | മെഡിക്കൽഓഫീസർ ,പി.എച്ച്.സി | 10-05-2022 | 05-08-2022 |
| ഡോക്ടർ.അനുഷ കരീം | മെഡിക്കൽഓഫീസർ,പി.എച്ച്.സി | 06-08-2022 | 31-03-2023 |
| ശ്രീമതി.പ്രിയങ്ക.വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 06-09-2022 |
| ശ്രീമതി.സജ്നസെയ്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 07-09-2022 | 22-09-2022 |
| ശ്രീമതി.സജീന ബീവി.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-09-2022 | 31-03-2023 |
| ശ്രീദിവ്യാറാണി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 05-01-2023 |
| ശ്രീ.മനോജ് | ഫിഷറീസ് ഇൻസ്പെക്ടർ | 05-01-2023 | 31-03-2023 |
| ശ്രീ.രതീഷ്. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ആൻസി ഹലീം | വി,ഇ.ഒ സർക്കിൾ(1) | 01-04-2022 | 31-03-2023 |
| ശ്രീമതി.ജീന.എ | വി.ഇ.ഒ സർക്കിൾ (2) | 01-04-2022 | 31-03-2023 |
| ഡോക്ടർ.രേഷ്മ.ആർ.എസ് | വെറ്റിനറിസർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്വപ്ന.സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അലിഷേയ്ക്ക് മൻസൂർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അശ്വതി .എ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-12-2022 |
| ശ്രീമതി. അനീഷ .ആർ ബാബു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാത്ത ആസ്തിക്ക് ഡിപ്രിസിയേഷൻ നല്കിയിരിക്കുന്നു | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു | 1-1-4 |
| 6 | മുൻവർഷ നീക്കിയിരിപ്പ് തൻവർഷത്തെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | കാലഹരണപ്പെട്ട ചെക്കുകൾ Stale Cheques ഇനത്തിൽ ബുക്ക് ചെയ്തിട്ടില്ല. | 1-1-6 |
| 8 | അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല. | 1-1-9 |
| 11 | വരവിനങ്ങൾ കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല | 1-1-10 |
| 12 | തനതുവരവുകൾ ബന്ധപ്പെട്ട ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല | 1-1-11 |
| 13 | ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല. | 1-1-12 |
| 14 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല. | 1-1-13 |
| 15 | ചെലവുകൾ ശരിയായ ഹെഡുകളിൽ ബുക്ക് ചെയ്യുന്നില്ല. | 1-1-14 |
| 16 | Cash Bookനീക്കിയിരിപ്പ് Bank Book നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | സംയുക്ത പ്രോജക്ടുകൾ-നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | നിക്ഷേപ പ്രവൃത്തികൾ-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | Audit Recovery- ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല. | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ബജറ്റ് -അപാകതകൾ | 1-2-1 |

| | | |
|---|---|---|
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം- അപാകതകൾ | 1-4 |
| 24 | പദ്ധതി ആസൂത്രണം | 1-5 |
| 25 | ക്ഷേമ പദ്ധതികൾ | 1-6 |
| 26 | സാമൂഹ്യ സുരക്ഷ പെൻഷൻ മരണ രജിസ്ട്രേഷൻ നടത്തിയിട്ടും വിതരണം ചെയ്യുന്നു | 1-6-1 |
| 27 | ക്യാഷ് പരിശോധന | 1-7 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 30 | ആക്ഷൻ പ്ലാൻ പ്രകാരം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നില്ല | 1-9-1 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 32 | വസ്തു നികുതി എഴുതിത്തള്ളിയതിന്റെ ആധികാര്യത ലഭ്യമല്ല. പഞ്ചായത്തിനു തനതുവരുമാന നഷ്ടം | 1-11 |
| 33 | 50% വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 34 | രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല | 1-12-1 |
| 35 | പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-2 |
| 36 | തനതു വരുമാനം - കുടിശ്ശിക രജിസ്റ്റർ പരിപാലിച്ചിട്ടില്ല | 1-13 |
| 37 | തനതു വരുമാനം യഥാവിധി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല | 1-14 |
| 38 | ശാന്തിവിള മാർക്കറ്റ് ലേലം കുറഞ്ഞ തുകയ്ക്ക് സ്വകാര്യ സ്ഥാപനത്തിനു നൽകി. പഞ്ചായത്തിനു തനതു വരുമാന നഷ്ടം | 1-15 |
| 39 | കുരുമുളക് തൈ വിതരണം - അപേക്ഷകളിലെ അപാകങ്ങൾ | 1-16 |
| 40 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല | 1-17 |
| 41 | വൃദ്ധർക്ക് കണ്ണടയും, ശ്രവണ സഹായിയും വാങ്ങി നൽകൽ - വിതരണ രേഖകൾ ഹാജരാക്കിയില്ല | 1-18 |
| 42 | വിനിയോഗ രേഖകൾ ലഭ്യമായില്ല – 11,98,665/- രൂപ തടസ്സം ചെയ്യുന്നു | 1-19 |
| 43 | കെ.എസ്.ഇ.ബി. മുഖാന്തിരമുള്ള നിക്ഷേപ പ്രവൃത്തികൾ - 4,21,909/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു. | 1-20 |
| 44 | തെറാപ്പി സെന്റർ പ്രവർത്തനസജ്ജമാക്കിയതിനുള്ള രേഖകൾ ലഭ്യമായില്ല | 1-21 |
| 45 | ജല ജീവൻ പദ്ധതി ചെലവു വിശദാംശങ്ങൾ ലഭ്യമായില്ല | 1-22 |
| 46 | കുടിവെള്ള ലൈനുകൾ ദീർഘിപ്പിക്കൽ - പദ്ധതികളുടെ ആവശ്യകത വ്യക്തമല്ല - 15,20,000/- രൂപ തടസ്സം ചെയ്യുന്നു. | 1-23 |

| | | |
|---|---|---|
| 47 | ഒരു പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിലേക്കായി രണ്ടു തവണ നിക്ഷേപിച്ചു നൽകി. | 1-23-1 |
| 48 | കരാറിലേർപ്പെട്ട ലൈഫ് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 49 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താവ് മുൻകൂർ തുക കൈപ്പറ്റിയശേഷം പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-25 |
| 50 | സ്രോതസ്സിൽ ഈടാക്കേണ്ടുന്ന നികുതികൾ ഈടാക്കിയില്ല | 1-26 |
| 51 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - പദ്ധതി അപാകങ്ങൾ | 1-27 |
| 52 | കാലഹരണപ്പെട്ട ചെക്കുകൾ Stale Cheques ഇനത്തിൽ ബുക്ക് ചെയ്തിട്ടില്ല. | 1-28 |
| 53 | ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല | 1-29 |
| 54 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല | 1-30 |
| 55 | റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെൻറ് - അപാകതകൾ | 1-31 |
| 56 | വാഹനങ്ങളുടെ പരിപാലനം | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 08.08.2023.ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 08.08.2023തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന് നിഷ്കകർഷിക്കുന്നുണ്ട്. എന്നാൽ ആയത് തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/12.09.2023) അടുത്ത സാമ്പത്തിക വർഷം ഇവ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

### 1-1-2 വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാത്ത ആസ്തിക്ക് ഡിപ്രിസിയേഷൻ നല്കിയിരിക്കുന്നു

2022-23 ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ 1222118/- രൂപയാണ് Accumulated Depreciation Plant And Machinery ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ Plant And Machinery ഇനത്തിൽ ആസ്തികളൊന്നും ഇല്ല. ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (36/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase / (Decrease) In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6459937/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4828428/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണ്. ആയത് പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/12.09.2023) മേൽ റിപ്പോർട്ട് സോഫ്റ്റ് വെയർ ജനറേറ്റഡ് ആണെന്നും ILGMS ന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-4 വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു.(വരവ് 242874939/-, ചെലവ് 243125520/-). കൂടാതെ ബാലൻസ് ഷീറ്റ് B-1 ലെയും Trial Balance ലെയും Excess Of Income Over Expenditure തുകകൾ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/12.09.2023) Non Cash Item Depreciation, Arrear Demand Adjustment Entry ഇവ ജേർണൽ ആയി രേഖപ്പെടുത്തുന്നതിനാലാണ് വരവിനെക്കാൾ ചെലവ് അധികരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

### 1-1-5 മുൻവർഷ നീക്കിയിരിപ്പ് തൻവർഷത്തെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

മുൻവർഷ ബാലൻസ് ഷീറ്റ് B17 ലെ SBI E Payment അക്കൌണ്ടിലെ നീക്കിയിരിപ്പ് 2374548/-രൂപയും തൻവർഷത്തെ RP 40(a) പ്രകാരം മുന്നിരിപ്പ് 2374578/-രൂപയും ആണ്. തുകകൾ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/12.09.2023) ഇ പേയ്മെന്റ് ഓപ്പണിങ് ബാലൻസ് എൻട്രിയിലെ പിശകാണ് തുക പൊരുത്തപ്പെടാത്തതെന്നാണ് മറുപടി നല്കിയിരിക്കുന്നത്.

### 1-1-6 കാലഹരണപ്പെട്ട ചെക്കുകൾ Stale Cheques ഇനത്തിൽ ബുക്ക് ചെയ്തിട്ടില്ല.

Kalliyoor Cooperative Society - Relief Fund, SBI 010003482 അക്കൗണ്ടിന്റെ Reconciliation സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ Cheque Issued But Not Presented To Bank എന്ന ഇനത്തിൽ 9000/- രൂപ അവശേഷിക്കുന്നു. സ്ഥാപനം ഇഷ്യൂ ചെയ്ത ചെക്കുകളിൽ 3 മാസം കഴിഞ്ഞിട്ടും ക്യാഷ് ആകാത്ത ചെക്കുകൾ Stale Cheque വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. മേൽ ചെക്കുകളിൽ കാലഹരണപ്പെട്ട ചെക്കുകൾ Stale Cheques ഇനത്തിൽ ബുക്ക് ചെയ്തിട്ടില്ല. വിശദാംശങ്ങൾക്കായി ഖണ്ഡിക 1-30 കാണുക.

### 1-1-7 അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് നം. | വിശദാംശങ്ങൾ |
|---|---|
| Kerala Bank, Kalliyoor 104012803000018 | വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കോ ഓർഡിനേറ്റർ എന്നിവരുടെ പേരിൽ അക്കൗണ്ട് |
| SBI, Vellayani 41600199870 | MGNREGS നായി സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച Holding Account |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (36/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-1-8 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

A) വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് (B5) പ്രകാരമുള്ള വായ്പയുടെ നീക്കിയിരിപ്പ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പരിശോധിക്കാൻ വായ്പാ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

B) വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് (B7) പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ ആധികാരികത പരിശോധിക്കാൻ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

C) വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് (B18) ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന തുകകളുടെ ആധികാരികത പരിശോധിക്കാൻ അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (36/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-9 സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/12.09.2023) Stock In Hand സോഫ്റ്റ് വെയറിൽ ലഭ്യമല്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-1-10 വരവിനങ്ങൾ കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല

സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ ഡിമാന്റ് ചെയ്യാവുന്ന വരവുകളും ഡിമാന്റ് ചെയ്യുന്നില്ല. പകരം സാമ്പത്തിക വർഷാവസാനം കളക്ഷനനുസൃതമായ തുക ഡിമാന്റായി നൽകുകയാണ് ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾക്കായി ഖണ്ഡിക 1-13 കാണുക.

## 1-1-11 തനതുവരവുകൾ ബന്ധപ്പെട്ട ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല

രസീതു വരവുകൾ ഫ്രണ്ട് ഓഫീസിൽ കളക്ട് ചെയ്യുമ്പോൾ ഓരോ ഇനത്തിനും അനുവദിച്ചിട്ടുള്ള ഹെഡുകളിൽ (ഫങ്ഷനിൽ) രേഖപ്പെടുത്താതെ യഥാർത്ഥ ഫങ്ഷനുമായി ബന്ധമില്ലാത്ത ഹെഡുകളിൽ രേഖപ്പെടുത്തുന്നു. വിശദാംശങ്ങൾക്കായി ഖണ്ഡിക 1-14 കാണുക.

## 1-1-12 ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

പഞ്ചായത്തിന് ലഭിക്കേണ്ട ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ഇനത്തിൽ 01.03.2022 മുതൽ 31.03.2023 വരെ 91,122/- രൂപയാണ് ലഭിക്കേണ്ടിയിരുന്നത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഇ-ടെണ്ടർ ഡിമാന്റ് എൻട്രി വരുത്തിയിട്ടില്ലെന്നും നടപ്പ് സാമ്പത്തികവർഷം ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് സ്വരുക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/12.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-13 ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല.

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-11(b) ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിലെ തുക 19,23,566/- ആണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തി പാർട്ട് ബില്ലുകളായി നല്കിയ തുക 31,83,097/- രൂപയാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (36/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-14 ചെലവുകൾ ശരിയായ ഹെഡുകളിൽ ബുക്ക് ചെയ്യുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾ പൂർണമായും ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I -14(F) ഷെഡ്യൂളിൽ ബുക്ക് ചെയ്യേണ്ടതിനു പകരം രസീത് ആന്റ് പേയ്മെന്റ് അക്കൗണ്ടിലെ RP -35 ഷെഡ്യൂളിലെ 350109999 ലെ Amount Payable To Other Creditors എന്ന ഹെഡിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. I -14(F) ൽ 4,44,640/- രൂപ മാത്രമാണ് ബുക്ക് ചെയ്തിരിക്കുന്നത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (36/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | രജിസ്റ്റർ | വാർഷിക ധനകാര്യപത്രിക (I-14(f)) |
|---|---|---|
| ഭരണചെലവ് തുക | 2616204 | 444640 |

## 1-1-15 Cash Bookനീക്കിയിരിപ്പ് Bank Book നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

CFC Tied, Untied എന്നിവയുടെ Cash Book പ്രകാരമുള്ള നീക്കിയിരിപ്പ് Bank Book പ്രകാമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| | Cash Book | Bank Book/Bank Statement |
|---|---|---|
| നീക്കിയിരിപ്പ് | 14816577 | 6738384 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (36/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-16 സംയുക്ത പ്രോജക്ടുകൾ-നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുൻസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പും വാർഷിക ധനകാര്യപത്രികയും (B4) തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾക്കായി ഖണ്ഡിക 4-1 കാണുക. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (36/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-17 നിക്ഷേപ പ്രവൃത്തികൾ-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയ്ക്ക് നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പും ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമുണ്ട്.

വിശദാംശങ്ങൾക്കായി ഖണ്ഡിക 4-2കാണുക. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (36/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-18 Audit Recovery- ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല.

Audit Recovery എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള 19,379/- രൂപ തുക തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് തിരികെ അടവാക്കാത്ത പക്ഷം ബാലൻസ് ഷീറ്റ് B- 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തേണ്ടതാണെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. തുകയുടെ വിശദാംശങ്ങൾക്കായി ഖണ്ഡിക 4-2 കാണുക. തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 22.3.2022 | 13.03.23 |
| ഭരണസമിതി തീരുമാനം | (1) -ാം നമ്പർ തീരുമാനം | (3) -ാം നമ്പർ തീരുമാനം |
| മുന്നിരുപ്പ് | 296842621.58 | 179235309 |
| പ്രതീക്ഷിത വരവ് | 31054200 | 40418998 |
| പ്രതീക്ഷിത ചെലവ് | 363477450 | 464800987 |
| നീക്കിയിരുപ്പ് | 276917291.58 | 110284375.58 |

## 1-2-1 ബജറ്റ് -അപാകതകൾ

ബജറ്റ് (പരിഷ്കരിച്ചത്) സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 ബജറ്റ് എസ്റ്റിമേറ്റിൽ ഇപ്രകാരം കുറിപ്പുകളോ വിശദീകരണങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല.

2) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവുകളും ബജറ്റ് പ്രകാരമുള്ള വരവുകളും തമ്മിൽ കൂടുതൽ അന്തരം കാണുന്നു . ഉദാഹരണം ചുവടെ ചേർക്കുന്നു.

| Detailed Head | ഇനം | AFS പ്രകാരമുള്ള വരവ് | ബഡ്ജറ്റ് പ്രകാരം വരവ് |
|---|---|---|---|
| 1501 | Sale And Hire Charges | 17150 | 238800 |

| | | | |
|---|---|---|---|
| 1711001 | Interest Earned | 79823 | 1500000 |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (43/19.09.23) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 15108387 |
| ഓഡിറ്റ് വർഷത്തെ വരവ് | 66813911 |
| ആകെ | 81922298 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60353974 |
| നീക്കിയിരിപ്പ് | 21568324 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 242874939/- രൂപയും ചെലവ് 243125520/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം- അപാകതകൾ

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 27651463 | 27651463 | 28617714 | -966251 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12310996 | 12310996 | 13437401 | -1126405 |
| വികസനഫണ്ട് (CFC Tied) | 0 | 12770844 | 12770844 | 6187190 | 6583654 |
| വികസനഫണ്ട് (CFC Untied) | 0 | 5586974 | 5586974 | 5175416 | 411558 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 9783000 | 9783000 | 6641661 | 3141339 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 12213000 | 12213000 | 6717659 | 5495341 |
| CSS | 0 | 0 | 0 | 1628837 | -1628837 |
| SSS | 0 | 0 | 0 | 540000 | -540000 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 28617714 |
| | ACR + Source Deduction | 6374023 |
| | Accounts (I-6+ Corresponding Capital Contribution) | 28617714 |
| Development Fund (SCP) | Grant Statement | 13437401 |
| | ACR | 13437400 |

| | | |
|---|---|---|
| | Accounts (I-6+ Corresponding Capital Contribution) | 13437401 |
| Development Fund (CFC Tied) | Grant Statement | 6187190 |
| | ACR | 6487190 |
| | Accounts | 7355465 |
| Maintenance Fund (Non Road) | Grant Statement | 6641661 |
| | ACR | 6649751 |
| | Accounts (I-6+ Corresponding Capital Contribution) | 6641661 |
| Maintenance Fund ( Road) | Grant Statement | 6717659 |
| | ACR | 6717659 |
| | Accounts | 6717659 |
| Development Fund (CFC UnTied) | Grant Statement | 5175416 |
| | ACR | 5344466 |
| | Accounts | 5532722 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Development Fund (General), Development Fund (SCP) എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് കാണുന്നു.

2) സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 16484349/- രൂപയിൽ 13437401/- രൂപയാണ് ചെലവഴിച്ചത്. 19% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

3) സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ 2022-23 വർഷം വകയിരുത്തിയ ചുവടെ പറയുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല.

| ക്രമ നം. | പദ്ധതി നം. | പദ്ധതി പേര് | അടങ്കൽ (ഫണ്ട്) | പദ്ധതി ഏറ്റെടുത്ത നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 211 | ചെങ്കോട് പനവിള ഇടവഴി പാർശ്വഭിത്തി നിർമ്മാണം | 200000 | അസി. എഞ്ചിനീയർ |
| 2 | 244 | അഞ്ചുതമ്പുരാൻ ക്ഷേത്രം-കുരുവിക്കാട് റോഡ് പുനരുദ്ധാരണം, കേരളേശ്വരം വാറുവിള റോഡ് റീകോൺക്രീറ്റിംഗ് | 200000 | അസി. എഞ്ചിനീയർ |
| 3 | 201 | വാഴവിള റോഡ് കോൺക്രീറ്റിംഗ്, കീഴാക്കരി റോഡ് പാർശ്വഭിത്തി നിർമ്മാണം | 200000 | അസി. എഞ്ചിനീയർ |
| | 202 | മരുവറത്തോട് പാർശ്വഭിത്തി നിർമ്മാണം | 200000 | അസി. എഞ്ചിനീയർ |
| 4 | 203 | പൊറ്റവിള ഇടവഴി കോൺക്രീറ്റിംഗ്, പാർശ്വഭിത്തി നിർമ്മാണം | 200000 | അസി. എഞ്ചിനീയർ |
| 5 | 197 | വണ്ടിത്തടം ശിവക്ഷേത്രം റോഡ് റീടാറിംഗ് | 200000 | അസി. എഞ്ചിനീയർ |
| | 198 | പണയിൽ ഇടവഴി ഇന്റർലോക്കിംഗ്, മാങ്കിളിക്കര റോഡ് പുനരുദ്ധാരണം | 240060 | അസി. എഞ്ചിനീയർ |

4) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാ ഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും, കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള

പരിചരണത്തിനും വകയിരുത്തണം. എന്നാൽ, പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചിട്ടില്ല.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 4195460 | 2074950 | 50 |
| കുട്ടികൾ | 875993 | 814661 | 93 |
| വൃദ്ധർ | 3065845 | 1993032 | 65 |
| ഭിന്നശേഷിയുള്ളവർ | 1563219 | 1411590 | 90 |
| അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ | 1028286 | 637160 | 62 |

5) വനിത ഘടക പദ്ധതി പ്രകാരം തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്റ്റ് നമ്പർ | അടങ്കൽ തുക |
|---|---|---|
| വനിതകൾ | 153 | 800000 |
| | 164 | 378000 |

6) 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 17262544 | 9111249 | 52 |
| | പട്ടിക ജാതി | 186000 | 70800 | 38 |
| സേവനം | പൊതുവിഭാഗം | 78767839 | 42875854 | 54 |
| | പട്ടിക ജാതി | 30953830 | 13140302 | 42 |
| പശ്ചാത്തലം | പൊതുവിഭാഗം | 30377869 | 14992450 | 49 |
| | പട്ടിക ജാതി | 4990398 | 2747078 | 55 |

7) സംയുക്ത പ്രോജക്റ്റുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്റ്റിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്റ്റുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിലും തൻവർഷവും ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 32700104 | 1205117 | ബ്ലോക്ക് പഞ്ചായത്ത് |
| 2 | 32700202 | 200000 | മുൻസിപ്പൽ കോർപ്പറേഷൻ |
| 3 | 32700204 | 1149432 | ബ്ലോക്ക് പഞ്ചായത്ത് |
| 4 | 32700205 | 339631 | ജില്ലാപഞ്ചായത്ത് |

8) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

9) 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 ലും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320100162 | Sarva Siksha Abhiyan | 59185 |
| 320200307 | Panchayat Yuva Krida Aur Khel Abhiyan | 10472 |
| 320100194 | library Grant | 37443 |
| 320300199 | Grant For Special Purposes- Other Government Agencies | 200000 |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (29/16.09.2023) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

10) ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രികയിൽ ഗുണഭോക്തൃവിഹിതമിനത്തിൽ 2021-22 വർഷം 6,68,023/- രൂപയും 2022-23 വർഷം 7,15,540/- രൂപയും അവശേഷിക്കുന്നു. ഏതൊക്കെ പ്രോജക്ടുകൾക്കുവേണ്ടി എത്ര വീതം തുകയാണ് സമാഹരിച്ചത് എന്ന വിവരവും ടി തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ കാരണവും ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (49/19.09.2023) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകുന്ന ഗ്രാന്റുകളുടെ വിനിയോഗം കൃത്യതയും ഫലപ്രാപ്തിയും നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പാഴാക്കാതെ വിനിയോഗിക്കേണ്ടതുമാണ്.

## 1-5 പദ്ധതി ആസൂത്രണം


പദ്ധതി ആസൂത്രണം

1) 2022-23 സാമ്പത്തിക വർഷത്തെ ബ്ലോക്ക്പഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.


| 1 | 2 | 3 | 4 |
|---|---|---|---|
| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ: ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസന ഫണ്ട് ജനറൽ | 31868000 | 28617714 | 3250286 |
| വികസനഫണ്ട് (എസ്.സി.പി) | 14896000 | 13437401 | 1458599 |
| മെയിന്റനൻസ് (നോൺ റോഡ്) | 9783000 | 6641661 | 3141339 |
| മെയിന്റനൻസ് (റോഡ്) | 12213000 | 6717659 | 5495341 |
| ആകെ | 68760000 | 55414435 | 13345565 |

ആകെ ലഭ്യമാകുന്ന തുക , ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




(2)




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 17 | 17 | 0 | 4347044 | 3860348 | 89 |
| വെറ്റിനറി സർജൻ | 13 | 10 | 3 | 3025938 | 1918893 | 63 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 19 | 18 | 1 | 7435179 | 6494383 | 87 |
| മെഡിക്കൽ ഓഫീസർ -ആയുർവേദം | 7 | 7 | 0 | 1910000 | 1779945 | 93 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27 | 22 | 5 | 64425626 | 22993786 | 36 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18 | 17 | 1 | 10834285 | 8002520 | 74 |
| സെക്രട്ടറി | 43 | 29 | 14 | 18527495 | 14153491 | 76 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 132 | 75 | 57 | 43194201 | 18574943 | 43 |

| | | | | | | |
|---|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 9 | 6 | 3 | 2290808 | 1605090 | 70 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 1900000 | 1496435 | 65 |
| അസി.സെക്രട്ടറി | 12 | 12 | 0 | 4298944 | 2998405 | 70 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 0 | 348960 | 182375 | 52 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 35765857 | 28617714 | 80 |
| എസ്.സി.പി. | 16484349 | 13437401 | 82 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 21364615 | 11362606 | 53 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 7937600 | 1628837 | 21 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2056000 | 540000 | 26 |
| തനത് ഫണ്ട് | 11711698 | 7509752 | 64 |
| മറ്റ് ഗ്രാമപഞ്ചായത്ത് | 666450 | 648960 | 97 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 20583600 | 3801350 | 18 |
| മെയിന്റനൻസ് നോൺ റോഡ് | 10849094 | 6641661 | 61 |
| മറ്റുള്ളവ | 65573431 | 7684865 | 12 |
| ആകെ | 228111911 | 91745479 | 40 |

3) പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 303 | 219 | 84 | 162538480 | 84060614 | 52 |

4) ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, ഖ3.1.1പ്രകാരം ആസൂത്രസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 2022-23 വാർഷിക പദ്ധതി രൂപീകരണത്തിനായി 14.05.2022 ന് 12 പേർ പങ്കെടുത്ത യോഗം കൂടിയിട്ടുണ്ട് . തുടർന്ന് 09.06.2022 തീയതിയിൽ മാത്രമാണ് 2022-23 വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി കൂടിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് വർക്ക് ഗ്രൂപ്പുകൾക്ക് സഹായം നൽകുക, പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, വിവിധ വിഷയങ്ങളിലും മേഖലകളിലും പഠന ഗവേഷണങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക എന്നീ ചുമതലകൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് ആസൂത്രസമിതിയിൽ ചർച്ച ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

5) വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക , വർക്കിംഗ് ഗ്രൂപ്പ് , വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 13 വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക

മാത്രമാണ് ചെയ്തിട്ടുള്ളത്. 15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള ഉപപദ്ധതി തയ്യാറാക്കുന്നതിനും (30.01.22) 2022-23 വർഷത്തെ പദ്ധതി രൂപീകരണത്തിനും ( 20.05.22, 30.06.22) മാത്രമായിട്ടാണ് വർക്കിംഗ് ഗ്രൂപ്പുകൾ (ഉദാ: ദാരിദ്ര ലഘൂകരണം) കൂടിയതായി കാണുന്നത്

A) വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | അംഗങ്ങളുടെ എണ്ണം | യോഗ തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| ദാരിദ്ര ലഘൂകരണം | 20 | 03.06.22 | 7 |
| കൃഷി | 25 | 03.05.22 | 8 |
| പട്ടികജാതി/പട്ടികവർഗ്ഗ വികസനം | 21 | 20.05.22 | 8 |
| ജൈവവൈവിധ്യമാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം | 19 | 20.05.22 | 3 |
| കുടിവെള്ളം, ശുചിത്വം | 21 | 13.02.22 | 8 |
| പൊതുമരാമത്ത് | 21 | 03.062022 | 4 |

ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്തുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ മോണിറ്ററിംഗ് റിപ്പോർട്ട് കണ്ടെത്താൻ കഴിഞ്ഞില്ല.

B) വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം-ഓഡിറ്റ് എൻക്വയറി നമ്പർ 11/13.09.2023 ന്റെ മറുപടി) |
|---|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | 20.05.2022 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക | പ്രോജക്ട് നം. 153 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2 | വനിതാവികസനം | 03.06.22 | അമൃതം പൊടി പഞ്ചായത്തിലെ വനിതകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നല്കുക | പ്രോജക്ടിന് ഡി.പി.സി. അംഗീകാരം ലഭ്യമായില്ല |
| 3 | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | 20.05.22 | നീർച്ചാലുകൾ വെള്ളം ഒഴുകിപോകുന്നതിനുള്ള സൗകര്യം കാര്യക്ഷമമാക്കുക | പ്രോജക്ട് നം. 242, 316, 216, 75, 202 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 4 | കൃഷി | 20.05.22 | തരിശ് നെൽകൃഷി പ്രോത്സാഹിപ്പിക്കുക | പ്രോജക്ട് നം. 132, 61 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 5 | പട്ടികജാതി/പട്ടികവർഗ്ഗ വികസനം | | എസ്.സി ട്രയിനിംഗ് സെന്റർ നവീകരണം | ഉൾപ്പെടുത്തിയിട്ടില്ല |
| 6 | പൊതുമരാമത്ത് | 03.05.2022 | അനെർട്ടിന്റെ സഹായത്തോടുകൂടി | ഉൾപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | വീടുകളിൽ സൗരോർജ്ജലൈറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക | |

6) സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതായി അറിയിച്ചെങ്കിലും, പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഗുരുതര പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി (അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ 12/13.09.2023ന്റെ മറുപടി) |
|---|---|---|---|---|
| 1 | കൃഷി | അതീവ ഗുരുതരം | വെള്ളപ്പൊക്കം മൂലം കൃഷിനാശം | പ്രോജക്ട് നം 75 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2 | മൃഗസംരക്ഷണവും ക്ഷീരവികസനവും | അതീവ ഗുരുതരം | I) വൃത്തിഹീനമായ തൊഴുത്തുകൾ<br>Ii) തെരുവുനായശല്യം | പ്രോജക്ട് നം 324,338 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 3 | കുടിവെള്ളം, ശുചിത്വം | അതീവ ഗുരുതരം | പള്ളിച്ചൽ തോട് വഴി വരുന്ന മലിനജലം കായലിൽ ചേരുന്നു | പദ്ധതി ഇല്ല |
| 4 | വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം | അതീവ ഗുരുതരം | സർക്കാർ സ്കൂളുകളിൽ സാനിറ്റേഷൻ സൗകര്യങ്ങൾ, അറ്റകുറ്റപ്പണി | പ്രോജക്ട് നം 257, 344, 310 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

7) ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല. ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

8) മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയത് ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/12.09.23)മറുപടി ലഭ്യമാക്കിയില്ല.

9) വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുണ്ടോയെന്നതിനും മറുപടി ലഭ്യമാക്കിയില്ല.

10) തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്.

11) കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

12) നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

13) CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

14) ആസ്തി സംരക്ഷണ പദ്ധതി

മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. റോഡ്,റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് ശുപാർശകൾ

ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന പദ്ധതിപ്പണം ലാപ്സാകാതെ മാർഗരേഖ, ഗവ. ഉത്തരവുകൾ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പരമാവധി ചെലവഴിച്ച് വികസനം ഉറപ്പാക്കുന്നതിൽ ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2344000 | 170 |
| വിധവാ പെൻഷൻ | 19834900 | 1583 |
| വാർധക്യകാല പെൻഷൻ | 41921000 | 3309 |
| വികലാംഗ പെൻഷൻ | 6256200 | 494 |
| വിവാഹ ധനസഹായം | 240000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 795200 | 58 |

## 1-6-1 സാമൂഹ്യ സുരക്ഷ പെൻഷൻ മരണ രജിസ്ട്രേഷൻ നടത്തിയിട്ടും വിതരണം ചെയ്യുന്നു

സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ വിതരണം ചെയ്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| പേര് | പെൻഷൻ ഇനം | പെൻഷനർ ഐഡി | മരണം നടന്ന തീയതി | പെൻഷൻ അവസാനം നല്കിയ മാസം | രജിസ്ട്രേഷൻ നടന്ന തീയതി |
|---|---|---|---|---|---|
| പ്രേമചന്ദ്രൻ നായർ എസ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 102820202093 | 12-01-2022 | June 2022 | 30.01.2022 |
| ജോസഫ് പി | " | 102820202596 | 04-11-2021 | June 2022 | 04.02.2022 |
| സുധാകരൻ.എം | " | 102820202344 | 19-01-2022 | June 2022 | 25.02.2022 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (31/16.09.2023) മരണ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് പെൻഷൻ സസ്പെൻഡ് ചെയ്യുന്നുണ്ടെന്നും മരണപ്പെട്ട തീയതിക്ക് ശേഷം ക്രഡിറ്റ് ചെയ്ത തുക തിരികെ ഒടുക്കുന്നതിന് ബാങ്ക് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. തുടർനടപടികൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2023, 3.18 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8278/- രൂപ

(എണ്ണായിരത്തി ഇരുനൂറ്റി എഴുപത്തിയെട്ട്) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ താഴെ പറയുന്നു.

(1) ഓഫീസ് ജോലി വിഭജനത്തിനനുസരിച്ച് കൃത്യമായി പ്രവർത്തനങ്ങൾ വിലയിരുത്തി റിവ്യൂ നടത്തേണ്ടതുണ്ട്.

(2) വാർഷിക ധനകാര്യപത്രിക, ബജറ്റ് എന്നിവ അപാകങ്ങൾ ഒഴിവാക്കി തയ്യാറാക്കേണ്ടതുണ്ട്.

(3) ഗ്രാമപഞ്ചായത്തിന്റെ ഓരോ മാസത്തേയും വരവ്, ചെലവുകൾ ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തേണ്ടതുണ്ട്.

(4) നികുതിയിനങ്ങൾ യഥാസമയം ഡിമാന്റ് നടത്തി പിരിച്ചെടുത്ത് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിൽ ജാഗ്രത പുലർത്തുംവിധം ജോലി ക്രമീകരണം നടത്തുക.

(5) വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്.

(6) വിവിധ രജിസ്റ്ററുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനും ജാഗ്രത പുലർത്തുക (ഉദാ- ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവ).

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 33276 | 1830933 | 1864209 | 444640 | 939827 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 59318609 | 59318609 | 59318609 | 59318609 |
| ആകെ | 33276 | 59318609 | 61182818 | 59763249 | 60258436 |

### 1-9-1 ആക്ഷൻ പ്ലാൻ പ്രകാരം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നില്ല

2022-23 വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പുപദ്ധതിയിൽ 136188000/- രൂപ വകയിരുത്തി 274392 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരിന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, 153631 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് കാണുന്നു. (ലക്ഷ്യം വച്ചതിന്റെ 56%). 59318609/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് വകയിരുത്തിയ അടങ്കൽ തുകയുടെ 44% മാത്രമാണ്.

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.01.2022 | 2021-22 |

## 1-11 വസ്തു നികുതി എഴുതിത്തള്ളിയതിന്റെ ആധികാര്യത ലഭ്യമല്ല. പഞ്ചായത്തിനു തനതുവരുമാന നഷ്ടം

2013-14 മുതൽ 2022-23 വരെയുള്ള കാലയളവിൽ കെട്ടിട ഉടമസ്ഥരിൽ നിന്നും വസ്തു നികുതി ഈടാക്കാതെ സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി എഴുത്തള്ളിയതു കാരണം പഞ്ചായത്തിന്റെ തനതു വരുമാനം ഗണ്യമായ രീതിയിൽ കുറഞ്ഞിട്ടുണ്ട്. എല്ലാ വാർഡുകളിലും ഇത്തരത്തിൽ തുക കുറവു വരുത്തിയിട്ടുണ്ട്. നികുതി എഴുതിത്തള്ളിയതിനാൽ ഉടമ തുക പൂർണമായും അടച്ചില്ലെങ്കിലും കുടിശ്ശിക ഇല്ല എന്ന വിവരമാണ് സോഫ്റ്റ് വെയറിലൂടെ ലഭ്യമാകുന്നത്. അഥവാ ഗുണഭോക്താവ് നികുതി അടയ്ക്കാൻ ശ്രമിച്ചാലും കുടിശ്ശികയില്ലയെന്നു കാണുന്നതിനാൽ ഓൺലൈൻ പേയ്മെന്റ് ചെയ്യാൻ കഴിയില്ല. എഴുതിത്തള്ളിയ തുകയിൽ 2022-23 ഒന്നാം അർദ്ധവർഷത്തെ തുകയും ഉൾപ്പെട്ടിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിലെ അസസ്മെന്റ് പ്രകാരമുള്ള വിവരങ്ങളിൽ ഇത്തരത്തിൽ എഴുതിത്തള്ളിയതും എന്നാൽ സഞ്ചയയിലെ രേഖപ്പെടുത്തൽ പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കാൻ മതിയായ കാരണങ്ങൾ ഇല്ലാത്തതുമായ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ ഐ.ഡി നമ്പർ | ഉടമസ്ഥന്റെ പേര് | Sanchaya യിലെ Write Off Statement പ്രകാരം ഒഴിവാക്കിയ തുക | വാർഡ് / കെട്ടിട നമ്പർ | Sanchaya Assessment പ്രകാരം 2013 Fist Half മുതൽ 2023 Second Half വരെയുള്ള | | | കുറിപ്പുകൾ (ഡിമാന്റ് - കളക്ഷൻ = ബാലൻസ് + ഒഴിവാക്കിയ തുക ) |
|---|---|---|---|---|---|---|---|
| | | | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | |
| 50282010005137 | Habeeb | 1275 | 6/70 | | | | |
| 50282010005289 | Dr. Nivin Simon, J, (തടിമില്ല്) | 21340 | 6/232 | 50819 | 29479 | 0 | 21340/- (2019 ഒന്നാം അർദ്ധവർഷം മുതൽ 2023 ഒന്നാം അർദ്ധ വർഷം വരെയുള്ള നികുതി ഒടുക്കിയിട്ടില്ല) |
| 50282010005290 | Dr. Nivin Simon J (തടിമില്ല് ) | 20390 | 6/233 | 47339 | 26949 | 0 | 20390/- (2019 ഒന്നാം അർദ്ധവർഷം മുതൽ 2023 ഒന്നാം അർദ്ധ വർഷം വരെയുള്ള നികുതി ഒടുക്കിയിട്ടില്ല) |
| 50282010009211 | ജി കൃഷ്ണൻ | 17150 | 5/336 | 2540 | 7460 | 794 | നികുതി തുകയിൽ കുറവ് വരുത്തിയിരിക്കുന്നു. |
| | ഹൈറുന്നിസ്സ | 7203 | 5/472 | 22741 | 11319 | 4219 | 2013 മുതൽ 2017 വരെ നികുതി കുറവായാണ് അടവാക്കിയിരിക്കുന്നത് |
| | സുനിൽകുമാർ & വിദ്യ | 1500 | 5/553 | 9581 | 7170 | 911 | |
| | അനിൽകുമാർ | 2555 | 7/350 | 6255 | 3700 | 0 | |
| | രാജീവ് കുമാർ കെ.എസ്, ശോഭ | 2550 | 9/488 | 5912 | 3210 | 152 | 2019 മുതൽ 2023 ഒന്നാം അർദ്ധവർഷം വരെയുള്ള നികുതി അടവാക്കിയിട്ടില്ല |
| | കെ.എസ്. പ്രകാശ് | 1296 | 10/574 | 14277 | 12981 | 0 | |
| | സതീഷ് കുമാരൻ നായർ | 1386 | 11/31, | 6965 | 4851 | 728 | |
| | | 1386 | 11/32 | 7658 | 5544 | 728 | |
| | | 2043 | 11/33 | 7526 | 4767 | 716 | |
| | സെക്രട്ടറി, MILK SOCIETY GHADHI VIVASAAYAM | 3340 | 11/324 | 8354 | 5014 | 0 | ഓരോ വർഷവും ഡിമാന്റിനെക്കാൾ കുറവായ തുക ഈടാക്കുകയും ബാക്കി എഴുതിത്തള്ളലിൽ രേഖപ്പെടുത്തി കുടിശ്ശിക ഒഴിവാക്കിയിരിക്കുന്നു |
| | സെക്രട്ടറി, CO-OPERATIVE BANK | 6280 | 11/327 | 16244 | 8420 | 1544 | ഓരോ വർഷവും ഡിമാന്റിനെക്കാൾ കുറവായ തുക ഈടാക്കുകയും ബാക്കി |

| | | | | | | | |
|---|---|---|---|---|---|---|---|
| | KALLIYOOR 1243 | | | | | | എഴുതിത്തള്ളലിൽ രേഖപ്പെടുത്തി കുടിശ്ശിക ഒഴിവാക്കിയിരിക്കുന്നു |
| | പ്രസിഡൻറ്, SNDP SAKHA 1868 PUNNAMOODU KALLIYOOR P.O. | 3905 | 12/433 | 14299 | 2565 | 7829 | ഓരോ വർഷവും ഡിമാന്റിനെക്കാൾ കുറവായ തുക ഈടാക്കുകയും ബാക്കി എഴുതിത്തള്ളലിൽ രേഖപ്പെടുത്തി കുടിശ്ശിക ഒഴിവാക്കിയിരിക്കുന്നു |
| | എസ് സുശീലൻ | 3195 | 14/497 | 7835 | 4640 | 0 | |
| | ജോയ് പ്രകാശ് ആൻഡ്രൂ പി. എൽ, കെ. ലീല | 5785 | 19/623 | 14620 | 8835 | 0 | ഓരോ വർഷവും ഡിമാന്റിനെക്കാൾ കുറവായ തുക ഈടാക്കുകയും ബാക്കി എഴുതിത്തള്ളലിൽ രേഖപ്പെടുത്തി കുടിശ്ശിക ഒഴിവാക്കിയിരിക്കു |
| | വിത്സൺ ജെ | 4970 | 21/226 | 11371 | 5320 | 1081 | ` |
| | ഫ്യൂജി സാവാ അക്കീര MANAGING TRUSETY F A HANDICRAFT DEVELOPMENT PROJECT PUNGULAM VELLAYANI P.O. | 8928 | 20/147 | 36664 | 24252 | 3484 | |
| | | 3138 | 20/148 | 13459 | 9042 | 1279 | |
| | | 11600 | 20/149 | 33184 | 18430 | 3154 | |
| | ജി.ചന്ദ്രൻ, | 258 | 20/315 | 2108 | 1536 | 314 | |
| | | 1218 | 20/316 | 13856 | 11030 | 1608 | |
| | ജെ. വിജയൻ | 3580 | 18/104, ഹോളോബ്രിക്സ് നിർമാണം | 8531 | 4951 | 0 | 2022-23 വരെയുള്ള നികുതി തുക ഭാഗികമായി ഈടാക്കുകയും ബാക്കി എഴുതിത്തള്ളുകയും ചെയ്തു |
| ആകെ തുക | | 1,36,271/- | | | | | |

എല്ലാ വാർഡിലെയും എഴുതിത്തള്ളിയ തുകയുടെ സ്റ്റേറ്റ്മെന്റും ആയതു സംബന്ധിച്ച ഫയലും ലഭ്യമാക്കണമെന്നും യഥാർത്ഥത്തിൽ തുക അടവാക്കാതെ ഇത്തരത്തിൽ തുക എഴുതിത്തള്ളിയത് എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും മേൽ സൂചിപ്പിച്ചിരിക്കുന്ന തുകകൾ നികുതിയിൽ നിന്നും ഒഴിവാക്കാൻ മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച രേഖകൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നും ഓഡിറ്റ് എൻക്വയറി (നമ്പർ : 14 തീയതി: 14/09/2023) മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും മറുപടിയും രേഖകളും ലഭ്യമാക്കിയില്ല.

മേൽ പ്രസ്താവിച്ചിട്ടുള്ള തുകകൾ അനർഹമായി നികുതിയിളവ് അനുവദിച്ചിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. പഞ്ചായത്തിന്റെ തനതു വരുമാനം നഷ്ടപ്പെടുത്തി അനർഹർക്ക് ഇത്തരത്തിൽ ഒഴിവാക്കി നൽകിയ വസ്തു നികുതി ഉടമസ്ഥരിൽ നിന്നും ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 50% വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷം പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയതിന്റെ വിവരം രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി (സ്ഥാപന നികുതി & ജീവനക്കാരുടെ നികുതി) ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണം - 48

2) ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളവയുടെ എണ്ണം - 4

3) പാരാമെഡിക്കൽ സ്ഥാപനങ്ങൾ - 18

4) ലൈസൻസ് നേടിയിട്ടുള്ള കടകളുടെ എണ്ണം - 414

രജിസ്റ്ററുകൾ പ്രകാരം പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ആകെ വ്യാപാര സ്ഥാപനങ്ങൾ / മറ്റു സ്ഥാപനങ്ങളുടെ എണ്ണം - 484

ഹരിതകർമ്മ സേനയുടെ 2022-23 ലെ കളക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്തു പരിധിയിൽ 21 വാർഡുകളിലായി 1025 വ്യാപാര സ്ഥാപനങ്ങൾ/മറ്റു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിനും നോട്ടീസ് നൽകി ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമെ ഡിമാന്റ് ചെയ്ത് നികുതി ഈടാക്കാനാവുകയുള്ളൂ. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24: തീയതി: 16/09/23) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന 50 % സ്ഥാപനങ്ങൾ പോലും ലൈസൻസ് നേടിയിട്ടില്ലായെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. ഇത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇത് ഗൗരവമായി പരിഗണിച്ച് പഞ്ചായത്തു പരിധിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങൾ/ മറ്റ് സ്ഥാപനങ്ങൾ ൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഉടങ്ങിയവ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12-1 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

2022-23 സാമ്പത്തിക വർഷം 4 ട്യൂഷൻ സെന്ററുകൾ മാത്രമാണ് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ വികസന രേഖയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിവരമനുസരിച്ച് കൂടുതൽ സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം : | രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരം |
|---|---|
| 1. പാപ്പാൻ ചാണി | കമ്പ്യൂട്ടർ സെന്റർ - 1 |
| 3. മുകളൂർമൂല | പി.എസ്.സി കോച്ചിംഗ് സെന്റർ (വിഷ്വൽ) |
| 5. ശാന്തിവിള | കമ്പ്യൂട്ടർ സെന്റർ - 1<br>ട്യൂഷൻ സെന്റർ - 1 |
| 16. ആശുപത്രി വാർഡ് | ട്യൂഷൻ സെന്റർ - 1 (ഫിനിക്സ്) |

രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയ ഒരു രജിസ്റ്ററാണ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടുള്ളത്.

1) പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, എന്നിവ ഹരിത കർമസേനയുടെ സഹായത്തോടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

## 1-12-2 പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, കരാറുകാർ സൂപ്പർ വൈസർമാർ, റേഷൻകട

ജീവനക്കാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാവുന്ന മേൽ സൂചിപ്പിച്ചിരിക്കുന്ന ജോലി മേഖലയിലുള്ളവരുടെ സമ്പൂർണ ഡേറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിന്റെ വികസന രേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പ്രകാരം ഇത്തരം തൊഴിലിലേർപ്പെട്ടിരിക്കുന്ന വ്യക്തികൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 32: തീയതി: 16/09/23) ഇത്തരം തൊഴിലിലേർപ്പെട്ടിരിക്കുന്നവർ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും ഇനി മുതൽ തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയത്.

മേൽ സൂചിപ്പിച്ചിരിക്കുന്ന മേഖലകളിൽ തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ സമ്പൂർണ ഡേറ്റാ ബേസ് തയ്യാറാക്കി നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-13 തനതു വരുമാനം - കുടിശ്ശിക രജിസ്റ്റർ പരിപാലിച്ചിട്ടില്ല

ധനകാര്യ കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1-6-2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം ചുവടെ പറയുന്ന നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

എ) കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കണം.

ബി) എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാറുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

സി) നികുതി നികുതിയേതര വരുമാനത്തിന്റെ അവലോകനം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.

എന്നാൽ മേൽ സൂചിപ്പിച്ചിരിക്കുന്ന തരത്തിൽ കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. മൂന്നു മാസത്തിലൊരിക്കൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമ സഭകളിൽ തനതു വരുമാനം സംബന്ധിച്ച അവലോകനം നടത്തിയതായി ഗ്രാമ സഭ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ30:തിയതി:16/09/23) മറുപടി ലഭ്യമാക്കിയില്ല. തനതു വരുമാനം നഷ്ടപ്പെടാതെ ഈടാക്കുന്നതിന് കുടിശിക രജിസ്റ്റർ അനിവാര്യമാണ്. നിലവിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ഡിമാന്റ് എൻട്രി നൽകാതെ തന്നെ വരവു സ്വീകരിക്കാൻ സാധിക്കും. ആയതിനാൽ സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ ഡിമാന്റ് ചെയ്യാവുന്ന വരവുകളും ഡിമാന്റ് ചെയ്യുന്നില്ല (ഉദാഹരണത്തിന് കല്ലിയൂർ പഞ്ചായത്തിലെ കടമുറികളുടെ വാടക ഐ.എൽ.ജി.എം.എസ് ൽ പരിശോധിച്ചാൽ ബോധ്യപ്പെടാവുന്നതാണ്). സാമ്പത്തിക വർഷാവസാനം കളക്ഷനനുസൃതമായ തുക ഡിമാന്റായി നൽകുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ ഒരു സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ യഥാർത്ഥത്തിലുള്ള കുടിശ്ശിക തുക അറിയാൻ സാധിക്കുകയില്ല. ലഭ്യമാകാനുള്ള തുകയെ മന:പൂർവം ഒഴിവാക്കിക്കൊണ്ട് 100% തുക കളക്ഷൻ നേടിയതായി ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ പ്രതിഫലിക്കും. ആയതിനാൽ തനതു വരുമാനത്തിന്റെ എല്ലാ ഇനങ്ങളിൽ നിന്നുമുള്ള കുടിശിക രജിസ്റ്റർ സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്.

## 1-14 തനതു വരുമാനം യഥാവിധി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

പഞ്ചായത്തു തയ്യാറാക്കുന്ന വാർഷിക ധനകാര്യ പത്രിക പ്രസ്തുത വർഷത്തെ ഓരോ ഇനത്തിലെയും വരവു ചെലവുകളുടെ സംക്ഷിപ്തം ലഭ്യമാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം ഓഡിറ്റിനു സമർപ്പിച്ചിട്ടുള്ള വാർഷിക ധനകാര്യ പത്രികയിലെ തനതു വരവുകൾ ഇനം തിരിച്ചുള്ള യഥാർത്ഥ വരവുകൾ പ്രതിഫലിപ്പിക്കുന്നില്ല. രസീതു വരവുകൾ ഫ്രണ്ട് ഓഫീസിൽ കളക്ട് ചെയ്യുമ്പോൾ ഓരോ ഇനത്തിനും അനുവദിച്ചിട്ടുള്ള ഹെഡുകളിൽ (ഫങ്ഷനിൽ) രേഖപ്പെടുത്താതെ യഥാർത്ഥ ഫങ്ഷനുമായി ബന്ധമില്ലാത്ത ഹെഡുകളിൽ രേഖപ്പെടുത്തുന്നതിനാലും ബന്ധപ്പെട്ട സെക്ഷനുകളിലെ രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കാത്തതിനാലുമാണ് ഇത്തരത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഇത്തരം അപാകതകൾ വന്നിരിക്കുന്നത്.

വിശദാംശം ചുവടെ ചേർക്കുന്നു.

1) മാർക്കറ്റ് ലേലം

2022-23 ലെ മാർക്കറ്റ് ലേലം വരവ് 60,100/- രൂപയാണ്. AFS ൽ ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം 60,100/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ RP -45 ൽ വരവായി 1,20,200/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിൽ നികുതി

പഞ്ചായത്തു പ്രദേശത്തെ വ്യാപാര സ്ഥാപനങ്ങൾക്ക് FTEAOS ലൈസൻസ് അനുവദിക്കുമ്പോൾ വിറ്റുവരവിന്റെ

അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. പ്രസ്തുത നികുതി വാർഷിക ധനകാര്യ പത്രികയിൽ 431120105 എന്ന ഹെഡിലാണ് പ്രതിഫലിക്കുന്നത്. എന്നാൽ പ്രസ്തുത ഹെഡിൽ തൻവർഷം തുകയൊന്നും വരവായി സ്വീകരിച്ചിട്ടില്ല. എന്നാൽ ഈയിനത്തിൽ പഞ്ചായത്തിന് ലഭിച്ച വരുമാനം അഡ്വാൻസ് കളക്ഷൻ എന്ന ലയബിലിറ്റി ഹെഡിൽ (350410102) ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ബാലൻസ് ഷീറ്റിലും (B-9 ഷെഡ്യൂൾ) പ്രസ്തുത തുക ലയബിലിറ്റിയായി ഉൾപ്പെട്ടിരിക്കുന്നു. ലെഡ്ജർ, രസീത് വിവരം എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തുക സ്വീകരിച്ചതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തിയതി | തുക ഒടുക്കിയ വ്യക്തിയുടെ പേര് | രസീതു നമ്പർ | തുക |
|---|---|---|---|
| 01/06/2022 | ഗോപകുമാർ | 1220300300 | 19000/- |
| 1/06/2022 | വിനോദ്.ഡി | 1220300315 | 1250/- |
| 06/04/2022 | രതീഷ്.എസ്.സി | 1220100021 | 1500/- |
| 06/04/2022 | രവീന്ദ്രൻ നായർ | 122010022 | 2000/- |
| 13/04/2022 | രതകുമാർ | 1220100179 | 5000/- |

<u>3) ലേലം</u>

പഞ്ചായത്തിന്റെ ലേലം വരവുകൾ യഥാവിധി അക്കൗണ്ട് ചെയ്തിട്ടില്ല. വിവിധ ഇനങ്ങളിലെ ലേലത്തിൽ ലഭ്യമായ തുകകൾ ലേല ഡെപ്പോസിറ്റ് എന്ന ലയബിലിറ്റി ഹെഡിൽ (340200102) വരവായി സ്വീകരിച്ചിരിക്കുന്നു. ഇത്തരത്തിൽ തെറ്റായ ഹെഡിൽ ഉൾപ്പെടുത്തുന്ന തുകകൾ സാമ്പത്തിക വർഷാവസാനം ജേണൽ എൻട്രി നടത്തി ക്രമീകരിച്ചിട്ടില്ല. ലേല രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ എല്ലാ ലേല വിവരവും രേഖപ്പെടുത്തിയിട്ടില്ല. ലേല രജിസ്റ്റർ കൃത്യത ഇല്ലാത്തതിനാൽ ലേല രജിസ്റ്ററിലെ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന തുകയാണ് ജേണൽ എൻട്രി ചെയ്ത് ലേല വരവായി രേഖപ്പെടുത്തിയിരിക്കുന്നത്. ബാക്കി തുകകൾ ലയബിലിറ്റി ഹെഡിൽ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിരിക്കുന്നു. പ്രസ്തുത തുക ജേണൽ എൻട്രി നൽകി വരവ് ഹെഡിലേക്ക് ഉൾപ്പെടുത്താത്തതിനാൽ ഭാവിയിൽ ഡെപ്പോസിറ്റ് വരവ് എന്ന മാനദണ്ഡത്തിൽ ധനാപഹരണത്തിന് കാരണമാകാൻ സാധ്യതയുണ്ട്.

ലെഡ്ജർ, രസീത് എന്നിവയുടെ അടിസ്ഥാനത്തിലുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തിയതി | തുക ഒടുക്കിയ വ്യക്തിയുടെ പേര് | ഇനം | രസീതു നമ്പർ | തുക |
|---|---|---|---|---|
| 2/08/2022 | മാഹീൻ.എ | ഓഫീസ് വാഹനം ലേലം | 1220301494 | 72500/- |
| 18/10/2022 | മാഹീൻ.എ | ഓഫീസ് വാഹനം ലേലം | 1220302887 | 82500/- |
| 13/01/2023 | ചന്ദ്രൻ | രേഖപ്പെടുത്തിയിട്ടില്ല | 1220305117 | 10,200/- |

ഒരു ആധികാരികതയും ഉറപ്പ് വരുത്താതെയാണ് ജേണൽ എൻട്രി നൽകി വിവിധ ഹെഡുകളിലേക്ക് തുകകൾ മാറ്റിയിരിക്കുന്നത്. എല്ലാ ലെഡ്ജറുകളിലും 31/03/2023 നാണ് ജേണൽ എൻട്രി നൽകിയിട്ടുള്ളത്. 31/03/2023 ന് ജേണൽ എൻട്രി നൽകിയിട്ടുള്ളവയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള ഫയൽ ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. വരവ് തുകകൾ ഇത്തരത്തിൽ യഥാവിധി അക്കൗണ്ട് ചെയ്യാത്തതിനും രജിസ്റ്ററുകൾ പരിപാലിക്കാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35: തീയതി: 18/09/23) മറുപടി ലഭ്യമാക്കിയില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി നൽകുന്ന ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ സെക്ഷനിലും ആവശ്യമായ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെന്ന് ഹെഡ്ക്ലർക്ക്, അസി.സെക്രട്ടറി, സെക്രട്ടറി തുടങ്ങിയ മേലുദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. മേൽ സൂചിപ്പിച്ചിരിക്കുന്ന ഇനങ്ങളിൽ ലയബിലിറ്റി ഹെഡിൽ സ്വീകരിച്ചിട്ടുള്ള തുകകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തി യഥാർത്ഥ ഹെഡുകളിലേക്ക് ജേണൽ എൻട്രി നൽകി ക്രമീകരിക്കേണ്ടതാണ്.

## 1-15 ശാന്തിവിള മാർക്കറ്റ് ലേലം കുറഞ്ഞ തുകയ്ക്ക് സ്വകാര്യ സ്ഥാപനത്തിനു നൽകി. പഞ്ചായത്തിനു തനതു വരുമാന നഷ്ടം

ശാന്തിവിള മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം 2022-23 സാമ്പത്തിക വർഷം 60100/- രൂപയ്ക്ക് ശ്രീ ഭുവനചന്ദ്രൻ എന്ന വ്യക്തിയാണ് ലേലത്തിൽ പിടിച്ചിരുന്നത്. വെള്ളായണി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വേണ്ടിയാണ് ശ്രീ. ഭുവനചന്ദ്രൻ മാർക്കറ്റും അതിനോടനുബന്ധിച്ച മൂന്നു കട മുറികളും ലേലത്തിൽ പിടിച്ചിരുന്നത്. മേൽ സ്ഥാപനം 14/01/2023 ന് പഞ്ചായത്തിനു നൽകിയ കത്തിൽ സ്ഥാപനത്തിനു മാർക്കറ്റ് തുടർന്നും

നിലവിലുള്ള വാടകയിൽ നിന്നും 5% വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് നടത്തിപ്പ് നൽകുന്നതിനായി 25/03/2023 ന് ലേലം നടത്തിയതായും ലേലത്തിൽ ആരും പങ്കെടുത്തില്ലെന്നും ഫയലിൽ രേഖപ്പെടുത്തി പുനർ ലേലം നിശ്ചയിച്ചു. വീണ്ടും 28/04/2023 ന് ലേലം നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ തുകയ്ക്ക് 31500/- രൂപയ്ക്ക് മേൽ സ്ഥാപനത്തിനു തന്നെ ലേലം സ്ഥിരപ്പെടുത്തി നൽകിയിട്ടുമുണ്ട്. ഇതിലൂടെ പഞ്ചായത്ത് ഫണ്ടിന് 31605/- (63105-31500) രൂപയുടെ നഷ്ടം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

നിലവിലുണ്ടായിരുന്ന തുകയെക്കാൾ 5% കൂടിയ തുകയ്ക്ക് മാർക്കറ്റ് നൽകാൻ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടും 50% ൽ അധികം തുക കുറച്ച് ഇത്തരത്തിൽ ലേലം വെള്ളായണി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് (VFPCL) എന്ന സ്ഥാപനത്തിനു തന്നെ നൽകിയിരിക്കുന്നു.

മാർക്കറ്റ് ലേലത്തിന് തുക കൂടുതലായതിനാൽ ആരും ലേലം വിളിക്കാൻ തയ്യാറായിട്ടില്ലാത്തതിനാൽ പുനർ ലേലം 30,000/- രൂപയിൽ ആരംഭിക്കാവുന്നതാണെന്ന് ഭരണസമിതി 19/04/2023 ലെ 1(9) നമ്പർ തീരുമാനം പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. പുനർ ലേലം നിശ്ചയിക്കാതെ നിലവിലെ നിരക്കിൽ നിന്നും 5% തുക കൂട്ടി VFPCL ആവശ്യപ്പെട്ടതനുസരിച്ച് നൽകാമായിരുന്നു. നിലവിൽ മേൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നും എത്ര വർഷത്തേയ്ക്കാണ് കരാർ നൽകിയിട്ടുള്ളത് എന്നതും സംബന്ധിച്ച വിവരം ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നമ്പർ: 23 തീയതി: 16/09/2023) ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. എത്ര വർഷത്തേയ്ക്കാണോ കരാർ നൽകിയിട്ടുള്ളത് ആയതിനനുസൃതമായി നഷ്ട തുകയ്ക്ക് വ്യത്യാസം വരാം. മൂന്ന് വർഷത്തേക്ക് കരാർ നൽകാനാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു വർഷത്തെ വരുമാന നഷ്ടമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. എത്ര വർഷത്തേക്കാണോ കരാറിലേർപ്പെട്ടിട്ടുള്ളത് ആയതിന് അനുസൃതമായി പഞ്ചായത്തിനുണ്ടായ നഷ്ടം കൃത്യമായി കണക്കാക്കി കമ്പനിയിൽ നിന്നും ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ലേലം അംഗീകരിച്ച ഭരണ സമിതി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. തുടർ നടപടി അടിയന്തിരമായി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുന്നു.

## 1-16 കുരുമുളക് തൈ വിതരണം - അപേക്ഷകളിലെ അപാകങ്ങൾ

കുരുമുളക് തൈ വിതരണം - അപേക്ഷകളിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | 134/2022-23 |
| പേര് | കുരുമുളക് തൈ വിതരണം |
| അടങ്കൽ | വികസന ഫണ്ട് (രൂപ 84000/-) |
| ചെലവ് | 84000/- (വി.ഫ) |
| ബിൽ നം. | ബിൽ നം. 16/2022-23, Dtd 7.11.2022 RS.34200/-<br>ബിൽ.നം. 27/22-23, Dtd.6.1.23, Rs. 49800/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ഗുണമേന്മയുള്ള കുരുമുളക് തൈകൾ ലഭ്യമാക്കി കുരുമുളക് കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്.

മേൽ പദ്ധതിക്കായി 100 ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

1) അപേക്ഷയിലും, വിതരണ രജിസ്റ്ററിലും ഗുണഭോക്താക്കളുടെ എണ്ണം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2) 100 എണ്ണത്തിൽ 68 അപേക്ഷകളോടൊപ്പം റേഷൻകാർഡിന്റെ പകർപ്പ് ഉൾപ്പെടുത്തിയിട്ടില്ല. വില്ലേജ് ഓഫീസിൽ കരം അടച്ച രസീത് മാത്രമാണ് ചേർത്തിട്ടുള്ളത്.

3) ക്രമ നമ്പർ 16, 29, 33 എന്നീ അപേക്ഷകളോടൊപ്പം, റേഷൻ കാർഡിന്റെ കോപ്പി, കരം അടച്ച രസീത്, ആധാർ കാർഡ് എന്നിവയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

4) അപേക്ഷകൾ ഒന്നും തന്നെ പൂർണമായും പൂരിപ്പിച്ചിട്ടില്ല. മേൽ കാര്യങ്ങളിൽ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25) രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് അപേക്ഷകർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പൂർണമായും പൂരിപ്പിച്ചിട്ടുണ്ടെന്നും, ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പരിശോധിച്ചുറപ്പ് വരുത്തി ആനുകൂല്യങ്ങൾ അനുവദിച്ച് നൽകേണ്ടതാണ്.

## 1-17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 49/23 |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ NHM |
| അടങ്കൽ തുക | Rs.300000/- |
| ചെലവ് | Rs.300000/- |
| ബിൽ നം. തീയതി | 34/ 22-23 /30.11.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കല്ലിയൂർ ഗ്രാമ പഞ്ചായത്ത് |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ.ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ (Ac.no.34306403911) എന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് 300000/- രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. Invoice No.LF.592, Dt.20.07.23 പ്രകാരം 163197/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളു. ബാക്കി 136803/- രൂപയുടെ മരുന്ന് ലഭിക്കുവാനുണ്ട്. മരുന്ന് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും, മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിനേ അറിയിക്കേണ്ടതുമാണ്.

## 1-18 വൃദ്ധർക്ക് കണ്ണടയും, ശ്രവണ സഹായിയും വാങ്ങി നൽകൽ - വിതരണ രേഖകൾ ഹാജരാക്കിയില്ല

വൃദ്ധർക്ക് കണ്ണടയും, ശ്രവണ സഹായിയും വാങ്ങി നൽകൽ - വിതരണ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 309/23 |
| പദ്ധതിയുടെ പേര് | വൃദ്ധർക്ക് ശ്രവണ സഹായിയും, കണ്ണടയും വാങ്ങി നൽകുന്നത് |
| അടങ്കൽ തുക | Rs. 200000/- ( വി.ഫണ്ട്) |
| ചെലവ് | 200000/- |
| ബിൽ നം. തീയതി | 74/27.3.23 – 38220/-<br>78/28.3.23 – 161780/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കല്ലിയൂർ ഗ്രാമ പഞ്ചായത്ത് |

കല്ലിയൂർ ഗ്രാമ പഞ്ചായത്തിലെ വയോജനങ്ങൾക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമ്പ് സംഘടിപ്പിച്ച് മെഡിക്കൽ ടീമിന്റെ സഹായത്താൽ കേൾവിക്കുറവും, കാഴ്ച കുറഞ്ഞതുമായ ഗുണഭോക്താക്കളെ കണ്ടെത്തി കണ്ണടയും, ശ്രവണ സഹായിയും വാങ്ങി വിതരണം നൽകുന്ന പദ്ധതിക്കായി ആകെ – 200000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 1) Lens City Opticals എന്ന സ്ഥാപനത്തിൽ നിന്നും ഒരു കണ്ണടയ്ക്ക് 780/- രൂപാ (Rs.38220/-) നിരക്കിൽ 49 കണ്ണടകൾ വാങ്ങിയിട്ടുണ്ട്. 64 ആളുകളുടെ കണ്ണ് പരിശോധന നടത്തിയതിന്റെ പ്രിസ്ക്രിപ്ഷൻ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കണ്ണട വിതരണം ചെയ്ത Distribution List ൽ 40 ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ മാത്രമാണ് ചേർത്തിരിക്കുന്നത്. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (ഓ.എൻക്വയറി നമ്പർ. 27/23). 2) Keltron ന്റെ (Kerala State Electronic Development Corporation Ltd. Koyilandi, Kozhikkodu) 28.2.23ലെ Invoice No.KLD/HA/2022-23/782 പ്രകാരം (Keltron Sravan Digital) ശ്രവണ സഹായി ഒന്നിന് 8500/- രൂപാ നിരക്കിൽ ആകെ - 17 എണ്ണം (Rs. 144500 Bill.No.78/28.3.23) വാങ്ങിയിട്ടുണ്ട്. 17 ആളുകളുടെ Audiological Asasessment Report ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ശ്രവണ സഹായി വിതരണം ചെയ്തതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കണ്ണടയും, ശ്രവണ സഹായിയും വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും മേൽപറഞ്ഞ രേഖകളും ഹാജരാക്കാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-19 വിനിയോഗ രേഖകൾ ലഭ്യമായില്ല – 11,98,665/- രൂപ തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവഹണം ചെയ്ത ചുവടെ ചേർക്കുന്ന പദ്ധതികളിലൂടെ വിവിധ സർക്കാർ ഏജൻസികൾക്ക് പദ്ധതി

തുക കൈമാറിയിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചതിനുള്ള രേഖകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിട്ടില്ല.

| പ്രോ. നം., പേര് | ചെലവു തുക | ഫണ്ടിനം | ബിൽ നം., തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 191/23 എസ്.എസ്.എ. വിഹിതം നൽകൽ | 7,00,000 | വികസന ഫണ്ട് പൊതുവിഭാഗം | 16/26.08.2022 | യു.ആർ.സി. പ്രോജക്ട് കോ ഓർഡിനേറ്റർ |
| 190/23 ഐ.കെ.എം. ന അടക്കേണ്ട വിഹിതം | 1,48,665 | വികസന ഫണ്ട് പൊതുവിഭാഗം | 15/26.08.2022 – 131883<br>23/25.11.2022-16782 | ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ |
| 272/23 ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം- വിഹിതം നൽകൽ | 3,50,000 | വികസന ഫണ്ട് പൊതുവിഭാഗം | 13/26.08.2022 | ജില്ലാ ആസൂത്രണ സമിതി |
| ആകെ | 1198665 | | | |

വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ലാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/15.09.2022, 33/16.09.2023) ആദ്യത്തേതിന് ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം വിഹിതം നൽകൽ നിർബന്ധിത പദ്ധതി ആയിരുന്നുവെന്നും തുക കൈമാറുന്ന ചുമതല മാത്രമാണ് ഗ്രാമപഞ്ചായത്തിനുള്ളത് എന്നും മറുപടി നൽകി. മറ്റു ചെലവുകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ മറുപടി അംഗീകരിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പണം വിനിയോഗിക്കപ്പെട്ടുവെന്നത് നിർവഹണാധികാരി ഉറപ്പു വരുത്തേണ്ടതാണ്. മേൽ ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ 11,98,665/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-20 കെ.എസ്.ഇ.ബി. മുഖാന്തിരമുള്ള നിക്ഷേപ പ്രവൃത്തികൾ - 4,21,909/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

എ) പ്രോ. നം. 5/23 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ

ഫണ്ടിനം - കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക - 3,60,800/-

ചെലവു തുക - 2,65,792/-

പേമെന്റ് വൗച്ചർ നം. - XVFC/2022-23/P/15 - 99998

XVFC/2022-23/P/16 - 49990

XVFC/2022-23/P/17 - 110064

XVFC/2022-23/P/48 - 5740

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതി പ്രകാരം വാർഡ് 18, 14, 12 എന്നിവയിലെ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. പ്രവൃത്തികൾക്കായി സി.എഫ്.സി. ഫണ്ടിൽ നിന്നും ആകെ 2,65,792/- രൂപ കെ.എസ്.ഇ.ബി. കല്ലിയൂർ ഇലക്ട്രിക്കൽ സെക്ഷനു നൽകിയിട്ടുണ്ട്. ഇതിൽ 5740/- രൂപയുടെ വിനിയോഗ രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 2,60,052/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ബി) പ്രോ. നം. 200/23 ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

ഫണ്ടിനം - തനതു ഫണ്ട്

അടങ്കൽ തുക - 200000/-

ചെലവു തുക - 161857/-

ചെക്ക് നം., തീയതി - 608887/01.12.2022 - 34556

02415/07.12.2022 - 16740

04186/12.01.2023 - 39109

7572706/27.02.2023 - 8104

9108407/29.03.2023 - 31650

9108403/28.03.2023 - 31698

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതി പ്രകാരം വാർഡ് 20, 16, 11, 6, 7, 18 എന്നിവയിൽ ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിലേക്കായി തനതു ഫണ്ടിൽ നിന്നും 1,61,857/- രൂപ കെ.എസ്.ഇ.ബി. കല്ലിയൂർ, വിഴിഞ്ഞം, തിരുവല്ലം സെക്ഷനുകൾക്കായി അനുവദിച്ചതായി സുലേഖ ബില്ലുകൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ രേഖകൾ, പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല. തുക തനതു ഫണ്ടിൽ നിന്നും അനുവദിച്ചതിനുള്ള പൂർണ്ണമായ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലുകളിൽ പേമെന്റ് നടന്നതിനുള്ള പൂർണ്ണമായ വിശദാംശങ്ങൾ സൂക്ഷിക്കണമെന്നിരിക്കേ, മേൽപ്രകാരം തുകകൾ അനുവദിച്ചതിനുള്ള ബിംസ് നടപടി ക്രമങ്ങളോ, തുക ഏതു അക്കൗണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട് എന്നതു സംബന്ധിച്ച വിശദാംശങ്ങളോ കെ.എസ്.ഇ.ബി. യുടെ തുക കൈപ്പറ്റിയതിനുള്ള രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

എ), ബി) പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും, പേമെന്റ് വിശദാംശങ്ങളും ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 33/16.09.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ പദ്ധതികളിലൂടെ ചെലവു ചെയ്തതിൽ 4,21,909/- (260052 + 161857) രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 1-21 തെറാപ്പി സെന്റർ പ്രവർത്തനസജ്ജമാക്കിയതിനുള്ള രേഖകൾ ലഭ്യമായില്ല

പ്രോ. നം. 274/23 നേമം ബ്ലോക്ക് പഞ്ചായത്തിന് തെറാപ്പി സെന്റർ സജ്ജമാക്കുന്നതിന് തുക കൈമാറൽ

ഫണ്ടിനം - വികസന ഫണ്ട് പൊതുവിഭാഗം

അടങ്കൽ തുക - 150000/-

ചെലവു തുക - 150000/-

ബിൽ നം., തീയതി - 25/25.11.2022

നിർവഹണാധികാരി - സെക്രട്ടറി

നേമം ബ്ലോക്ക് പഞ്ചായത്തിന് തെറാപ്പി സെന്റർ സജ്ജമാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് മേൽ പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്തിന്റെ ജോയിന്റ് വെൻചർ റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് 1,50,000/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത തുക കെൽട്രോണിനു കൈമാറിയിട്ടുള്ളതായി 20.05.2023 തീയതിയിൽ ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചതായി അറിയിച്ചിട്ടില്ല. സംയുക്ത പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19-04-2022 ഖണ്ഡിക 3.5.4 ൽ പ്രസ്താവിക്കുന്ന പ്രകാരം കരാറിലുമേർപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/15.09.2023) ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിക്കു തുക കൈമാറുക മാത്രമാണുണ്ടായത് എന്നു മറുപടി നൽകി. മേൽ പദ്ധതി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചതിനുള്ള രേഖകൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 1-22 ജല ജീവൻ പദ്ധതി ചെലവു വിശദാംശങ്ങൾ ലഭ്യമായില്ല

പ്രോ. നം. 285/23 ജല ജീവൻ പദ്ധതിക്ക് വിഹിതം നൽകൽ

ഫണ്ടിനം - മറ്റുള്ളവ (നിക്ഷേപ പ്രവൃത്തികൾക്കു നൽകിയിരുന്നതിൽ തിരികെ ലഭിച്ച തുക + ഗുണഭോക്തൃ വിഹിതം)

അടങ്കൽ തുക - 4685727/-

ചെലവു തുക - 971036/- (സുലേഖ പ്രകാരം)

ചെക്ക് നം., തീയതി - 6088849/12.09.2022 (2,12,251/-)

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 01.04.2022 മുതൽ ലഭിച്ച 2,12,251/- രൂപയും, നിക്ഷേപ പ്രവൃത്തികൾക്കായി മുൻപ് വാട്ടർ അതോറിറ്റിക്കു നൽകിയിരുന്നതിൽ തിരികെ ലഭിച്ചതായ 7,58,785/- രൂപയുമുൾപ്പെടെ ആകെ 9,71,036/- രൂപ വാട്ടർ അതോറിറ്റിക്ക് അനുവദിക്കുന്നതായി ഓഡിറ്റിന് ലഭ്യമാക്കിയ കുറിപ്പ് ഫയലിൽ (മാന്വൽ ഫയൽ) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ പരിശോധനക്കു ലഭ്യമായില്ല.

എ) കെ.ഡബ്ല്യ.എ. ക്ക തുക കൈമാറുന്നതിലേക്ക വേണ്ടി ലഭ്യമായ ഡിമാന്റ് നോട്ടീസ്.

ബി) തുക കെ.ഡബ്ല്യ.എ. ക്ക കൈമാറിയതു സംബന്ധിച്ച രേഖകൾ (ചെക്ക് നം, തീയതി, ബിംസ് പ്രൊസീഡിംഗ്സ്, കെ.ഡബ്ല്യ.എ. യുടെ കൈപ്പറ്റ് തുടങ്ങിയവ).

സി) 7,58,785/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്ന ഗ്രാമപഞ്ചായത്തിന ലഭ്യമായതു സംബന്ധിച്ച സംബന്ധിച്ച രേഖകൾ, ഏതൊക്കെ പ്രവൃത്തികളിൽ നിന്നുള്ള നീക്കിയിരിപ്പാണ് ലഭ്യമായത്, ലഭ്യമായ തുക, ഇതോടനുബന്ധിച്ച ലഭ്യമായ വിനിയോഗ സാക്ഷ്യപത്രങ്ങൾ തുടങ്ങിയവ.

ഡി) ജല ജീവൻ പദ്ധതിക്കായി നാളിതുവരെ ഗ്രാമപഞ്ചായത്തിന ലഭിച്ച ഗുണഭോക്തൃ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ.

ഇ) ജല ജീവൻ പദ്ധതിക്കായി ഒടുക്കിയ തുകയുടെ വിശദാംശവും, വിനിയോഗ രേഖകളും.

പദ്ധതി പ്രകാരം ആകെ 9,71,036/- രൂപ ചെലവു ചെയ്തതായി സുലേഖ ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഐ.എൽ.ജി.എം.എസ് ഫയൽ നം. 2662/2022 പ്രകാരം ആകെ 2,12,251/- രൂപ മാത്രം ഒടുക്കിയതായി കാണുന്നു. ബിൽ രജിസ്റ്റർ പ്രകാരവും പ്രസ്തുത തുക മാത്രമാണ് ഒടുക്കി കാണുന്നത്. തുക ഒടുക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/15.09.2023) മറുപടി ലഭ്യമാക്കിയില്ല.

മേൽ പരാമർശിത രേഖകൾ ലഭ്യമാക്കേണ്ടതാണ്. ജലജീവൻ പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക നാളിതുവരെ കൈമാറിയിട്ടുള്ള തുകയുടെ ശരിയായ വിവരം (സാമ്പത്തിക വർഷം, പദ്ധതികളുടെ വിവരം, കൈമാറിയ തുക, ഫണ്ടിനം ഉൾപ്പെടെ) പരിശോധിച്ച ലഭ്യമാക്കേണ്ടതാണ്. ജല ജീവൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് നിക്ഷേപിച്ച തുകയുടെ വിനിയോഗ രേഖകൾ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

മുൻ പദ്ധതികളിലൂടെ നിക്ഷേപിച്ചതിൽ നീക്കിയിരിപ്പായ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചതു സംബന്ധിച്ച വിശദാംശങ്ങളും (തിരികെ ലഭിച്ച തീയതി, തുക ക്രെഡിറ്റ് ആയ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ്, വാട്ടർ അതോറിറ്റിയുടെ കത്ത്/വിനിയോഗ രേഖകൾ തുടങ്ങിയവ) ലഭ്യമാക്കേണ്ടതാണ്.

സുലേഖ ചെലവു പത്രികയിലെ ചെലവും (9,71,036/- രൂപ) യഥാർത്ഥ ചെലവും (2,12,251/- രൂപ) തമ്മിലുള്ള വ്യത്യാസത്തിന വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-23 കുടിവെള്ള ലൈനുകൾ ദീർഘിപ്പിക്കൽ - പദ്ധതികളുടെ ആവശ്യകത വ്യക്തമല്ല - 15,20,000/- രൂപ തടസ്സം ചെയ്യുന്നു.

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 23.07.2022 ലെ 1(3) തീരുമാനത്തിലൂടെ ജലജീവൻ മിഷൻ എം.ഐ.എസ്. പ്രകാരമുള്ള എല്ലാ ഭവനങ്ങൾക്കും ഗാർഹിക കണക്ഷൻ ലഭ്യമായിട്ടുള്ളതായി ഉറപ്പു വരുത്തുകയും, ഗ്രാമ പഞ്ചായത്തിനെ ഹർ ഘർ ജൽ ആയി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. 26.04.2022 ലെ ഭരണസമിതി യോഗം 6(1) തീരുമാനത്തിലൂടെ പൊതു ടാപ്പുകളുടെ കണക്ഷൻ റദ്ദ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ 2022-23 സാമ്പത്തിക വർഷത്തിലും വിവിധ കുടിവെള്ള ലൈനുകളുടെ ദീർഘിപ്പിക്കലിനായി പദ്ധതികൾ ആവിഷ്കരിക്കുകയും, കെ.ഡബ്ല്യ.എ. യിൽ നിന്നും എസ്റ്റിമേറ്റുകൾ ആവശ്യപ്പെട്ട്, ലഭ്യമാക്കി തുക നിക്ഷേപിക്കുകയും ചെയ്തിരിക്കുന്നു. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോ. നം. 279/23 കുടിവെള്ള വിതരണം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

ഫണ്ടിനം - ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക - 870000/-

ചെലവു തുക - 800000/-

വൌച്ചർ നം.,തീയതി - XVFC/2022-23/P/51 - 200000/-

- XVFC/2022-23/P/52 - 200000/-

- XVFC/2022-23/P/53 - 200000/-

- XVFC/2022-23/P/54 - 200000/-

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കായി 8,00,000/- രൂപ നിക്ഷേപിച്ചു നൽകിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് | നിക്ഷേപിച്ച |
|---|---|---|

| | തുക | തുക |
|---|---|---|
| Laying 75mm PVC Pipe At AGC – Vazhavarathalakkal Road | 200000 | 200000 |
| Pipe Line Extension Kavunada- Channel Bund Road | 200000 | 200000 |
| Extension Of 90mm PVC 160m Length (Devinagar Lane) | 200000 | 200000 |
| Pipe Line Extension In Parankimanvila Kayal Road And Chamavila Road | 350000 | 200000 |

മേൽ പ്രവൃത്തികൾക്കായി 27.08.2022 തീയതിയിലെ ഭരണസമിതി യോഗത്തിലെ തീരുമാനങ്ങളുടെ (നം. 1(17) മുതൽ 1(20)വരെ) അടിസ്ഥാനത്തിൽ പദ്ധതികൾക്കായി എസ്റ്റിമേറ്റുകൾ ആവശ്യപ്പെടുകയും, എസ്റ്റിമേറ്റ് ലഭ്യമായ മുറയ്ക്ക് തുക നിക്ഷേപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 31.03.2023 തീയതിയിൽ നിർവഹണാധികാരി ബന്ധപ്പെട്ട വാട്ടർ സെക്ഷനുകളുമായി കരാറിലേർപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ പദ്ധതികൾ പൂർത്തീകരിച്ചതിനുള്ള രേഖകൾ ഇതുവരെ ലഭിച്ചിട്ടില്ല.

ബി) പ്രോ. നം. 347/23 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 15

ഫണ്ടിനം - ധനകാര്യ കമ്മിഷൻ അവാർഡ് + തനതു ഫണ്ട്

അടങ്കൽ തുക - 120000/-

ചെലവു തുക - 80000/-ധനകാര്യ കമ്മിഷൻ അവാർഡ്

40000/- തനതു ഫണ്ട്

വൌച്ചർ നം.,തീയതി - XVFC/2022-23/P/44 - 80000

ചെക്ക് നം, തീയതി - 6088900/20.02.2023 - 40000

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതി പ്രകാരം ബാലചന്ദ്രൻ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷനായി 1,20,000/- രൂപ അനുവദിച്ചതായി കാണുന്നു. തനതു ഫണ്ടിൽ നിന്നും തുക അനുവദിച്ചതിനുള്ള രേഖകൾ, ബിംസ് പ്രൊസീഡിംഗ്സ് തുടങ്ങിയവ പരിശോധനക്ക ലഭ്യമായില്ല. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

സി) പ്രോ. നം. 6/23 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി

ഫണ്ടിനം - ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക - 600000/-

ചെലവു തുക - 600000/-ധനകാര്യ കമ്മിഷൻ അവാർഡ്

വൌച്ചർ നം.,തീയതി - XVFC/2022-23/P/20 - 150000

XVFC/2022-23/P/29 - 200000

XVFC/2022-23/P/49 - 150000

XVFC/2022-23/P/50 - 100000

നിർവഹണാധികാരി - സെക്രട്ടറി

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 26.04.2022 ലെ തീരുമാനം നം. 1(5), 1(6), 1(7), 1(8) എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റുകൾ ആവശ്യപ്പെടുകയും, എസ്റ്റിമേറ്റ് ലഭ്യമായ മുറയ്ക്ക് 6,00,000/- രൂപ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | നിക്ഷേപിച്ച തുക |
|---|---|---|
| എക്സ്റ്റൻഷൻ ഓഫ് 90mm PVC 120m Length (Devinagar Lane)- Deposit Work In Kalliyoor | 150000 | 150000 |
| Pipe Line Extension In Ward 10 (Mannam Memorial Road) | 150000 | 150000 |
| Pipe Line Extension On Johns Garden In Nedinjal Road | 50000 | 50000 |
| Pipe Line Extension In Nilama Road Ward 9 | 100000 | 100000 |
| Pipe Line Extension In Paramkimanvila Kayal Road And Chamavila Road | 350000 | 150000 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല.

മേൽ പരാമർശം സംബന്ധിച്ചും, പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ലാത്തതു സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ (നം.20/15.09.2023, 33/16.09.2023) ആദ്യത്തേതിന് ജലജീവൻ പദ്ധതിയുടെ ഭാഗമായി വീടുകൾക്ക് കണക്ഷൻ നൽകുന്നതിന് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്നും, രണ്ട് ഘട്ടം ജല ജീവൻ പദ്ധതി പൂർത്തീകരിച്ച് ഏറ്റെടുത്ത ഭവനങ്ങൾക്കെല്ലാം തന്നെ പൈപ്പ് കണക്ഷൻ ലഭ്യമാക്കിയതായും, പഞ്ചായത്തിൽ കണക്ഷൻ ആവശ്യമുള്ള എല്ലാ ഗുണഭോക്താക്കൾക്കും പൂർണ്ണമായും പൈപ്പ് കണക്ഷൻ ലഭ്യമാക്കുവാൻ മെയിൻ പൈപ്പ് ലൈൻ ഇല്ലാത്തതിനാൽ സാധിച്ചിട്ടില്ലായെന്നും, പ്രസ്തുത സാഹചര്യത്തിലാണ് ഗ്രാമ സഭകളുടെ നിർദ്ദേശപ്രകാരം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി നടപ്പാക്കിയത് എന്നും മറുപടി നൽകി. രണ്ടാമത്തെ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ മറുപടി അംഗീകരിക്കുന്നില്ല.

തെരുവ് ടാപ്പുകൾ പൂർണ്ണമായി റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും, എല്ലാ വീടുകളിലും ജലം ലഭ്യമായതായി പ്രഖ്യാപിക്കുകയും, അതോടൊപ്പം തന്നെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി പദ്ധതി തുക വകയിരുത്തി എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്ന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുവാനുമുണ്ടായ സാഹചര്യം വ്യക്തമാകുന്നില്ല. ഗാർഹിക കണക്ഷൻ അനുവദിക്കുന്നതിന് ഗുണഭോക്താക്കൾ ഉള്ള പക്ഷം ലൈൻ ദീർഘിപ്പിക്കേണ്ട സാഹചര്യം ഉള്ള പക്ഷവും, ജല ജീവൻ മിഷനിലൂടെ പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനു സാധിക്കാത്ത പക്ഷവും, പ്രസ്തുത വിഷയം വാട്ടർ അതോറിറ്റിയാണ് ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടിയിരുന്നത്. ലൈൻ ദീർഘിപ്പിക്കേണ്ട ആവശ്യം വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിലൂടെ എസ്റ്റിമേറ്റ് ലഭ്യമാക്കുവാനറിയിച്ചതിനെ തുടർന്നു മാത്രമാണ് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമില്ല. ലൈൻ ദീർഘിപ്പിക്കലിന്റെ ആവശ്യകത വ്യക്തമല്ലാത്തതിനാലും, നിക്ഷേപ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമല്ലാത്തതിനാലും മേൽ പദ്ധതികളിലൂടെ ചെലവു ചെയ്ത 15,20,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-23-1 ഒരു പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിലേക്കായി രണ്ടു തവണ നിക്ഷേപിച്ചു നൽകി.

മേൽ പരാമർശിച്ചിട്ടുള്ള പ്രോ. നം. 6/23 ലൂടെ ദേവീ നഗർ ലെയിനിൽ 120 മീ നീളത്തിൽ 90 എംഎം പി.വി.സി. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ചെയ്യുന്നതിന് 1,50,000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഇതേ ലെയിൻ 160മീ നീളത്തിൽ 90 എംഎം പി.വി.സി. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ചെയ്യുന്നതിന് പ്രോ. നം. 279/23 ലൂടെ 2,00,000/- രൂപയും നിക്ഷേപിച്ചു നൽകിയിട്ടുണ്ട്. ഒരേ ലെയിൻ എക്സ്റ്റൻഷന് രണ്ടു തവണ തുക നിക്ഷേപിക്കപ്പെട്ടതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 33/16.09.2023) മറുപടി ലഭ്യമാക്കിയില്ല. ഒരേ പ്രവൃത്തിക്ക് ആവർത്തിച്ച് തുക നിക്ഷേപിക്കപ്പെട്ട വിവരം പരിശോധിക്കേണ്ടതും, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നിക്ഷേപ തുക തിരികെ ഈടാക്കി സി.എഫ്.സി. ഫണ്ട് ഹെഡിൽ ഒടുക്കേണ്ടതുമാണ്.

## 1-24 കരാറിലേർപ്പെട്ട ലൈഫ് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെടുന്ന ഗുണഭോക്താക്കൾ 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം സ്വീകരിക്കുന്ന പദ്ധതി ആനുകൂല്യം പിഴ സഹിതം തിരികെ ഒടുക്കുന്നതാണെന്നും കരാറിൽ സമ്മതിച്ച് വ്യവസ്ഥ ചെയ്യുന്നുണ്ട്. ലൈഫ് ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി കാണുന്നു.

| കരാർ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാനം ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 108 | കുമാരി ഗോപിക | 300000 | 24.11.2020 |
| 134 | രാജേഷ് ആർ/ഷാഫിയ | 240000 | 27.08.2022 |
| 11 | ശ്രീമതി. സുനിത ആർ, തോട്ടുവരമ്പിൽ വീട്, വെള്ളായണി | 40000 | വ്യക്തമല്ല |

പരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 44/19.09.2023) ന് കുമാരി ഗോപിക ലിന്റിൽ മട്ടം വരെയുള്ള പ്രവൃത്തികൾ ചെയ്ത് ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ളതാണെന്നും, ആവർത്തിച്ച് കത്ത് നൽകിയിട്ടും ബാക്കി പണി പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കിയില്ലായെന്നും അറിയിച്ചു. ശ്രീ. രാജേഷ് ആർ/ഷാഫിയ ബേസ്മെന്റ് പൂർത്തീകരിച്ചതായും, ബാക്കി പണികൾ ഉടൻ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുള്ളതായും മറുപടി നൽകി. ശ്രീമതി. സുനിത ആർ ലൈഫ് പദ്ധതിക്കായി കരാറിലേർപ്പെട്ടതിനാൽ ആദ്യ ഗഡുവായ 40,000/- രൂപ അനുവദിച്ചതായും, തുടർന്ന് ടിയാൾ ബേസ്മെന്റ് പ്രവൃത്തികൾ ചെയ്യാത്തതിനാൽ കത്ത് നൽകിയതായും, ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും

പ്രവൃത്തി ചെയ്യാത്തതിനാൽ അനുവദിച്ച ആദ്യ ഗഡു തുക തിരികെ പിടിക്കുന്നതിനായി 24.08.2022 ൽ ഗ്രാമ പഞ്ചായത്തിൽ കത്ത് നൽകിയതായും, 05.07.2023 ലെ തീരുമാനത്തിലൂടെ ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതിനു തീരുമാനിച്ചിട്ടുള്ളതായും മറുപടി നൽകി.

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം ടിയാളുകൾ സമർപ്പിച്ചിട്ടുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അനുവദിച്ചിട്ടുള്ള പദ്ധതി ആനുകൂല്യം പിഴ സഹിതം തിരികെ ഈടാക്കേണ്ടതും, ബന്ധപ്പെട്ട പദ്ധതി ഫണ്ടിന്റെ ഹെഡിൽ തിരികെ ഒടുക്കേണ്ടതുമാണ്.

## 1-25 വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താവ് മുൻകൂർ തുക കൈപ്പറ്റിയശേഷം പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം. 151/23 വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതി പ്രകാരം എസ്.സി.പി വികസന ഫണ്ടിൽ നിന്നും 25,50,000/- രൂപ ചെലവു ചെയ്തിട്ടുണ്ട്. ഗാർഹിക കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി ഗുണഭോക്താവ് ഒന്നിനു 1,50,000/- രൂപ വീതമാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ഭവന പുനരുദ്ധാരണത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി, നിർവഹണാധികാരിയുമായി കരാറിലേർപ്പെടുന്ന മുറയ്ക്ക് മുൻകൂർ ആയി 75,000/- രൂപ അനുവദിക്കുകയും, ഗുണഭോക്താവ് വീട് പുനരുദ്ധാരണം പൂർത്തിയാക്കി, ചെയ്ത പണികളുടെ വാല്യുവേഷൻ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി 75,000/- രൂപ കൂടി അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. ശ്രീ. ഗാനം എസ്.എസ്., വലിയ പൊറ്റവിള വീട്, വണ്ടിത്തടം എന്ന ഗുണഭോക്താവ് പദ്ധതിക്കായി കരാറിലേർപ്പെട്ട അഡ്വാൻസ് തുക (75000/-) കൈപ്പറ്റിയെങ്കിലും ഭവന പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തില്ല. ഭവന പുനരുദ്ധാരണം നടത്താത്തതു സംബന്ധിച്ച് വി.ഇ.ഒ. 03.07.2023 ൽ നൽകിയ കത്തിനും ടിയാൾ മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ വ്യവസ്ഥകൾ പ്രകാരം ടിയാളിൽ നിന്നും പദ്ധതി തുക ഈടാക്കുന്നതിനു നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 45/19.09.2023), ടിയാൾ നിലവിൽ വീട് മെയിന്റനൻസ് ചെയ്തു കൊണ്ടിരിക്കുന്നതായി അറിയാൻ കഴിഞ്ഞതായും, വാല്യുവേഷൻ വാങ്ങി വരുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതാണെന്നും മറുപടി നൽകി.

ടിയാൾ ഭവന പുനരുദ്ധാരണത്തിനായി കരാർ പ്രകാരം സമ്മതിച്ചിരുന്ന കാലയളവ് കഴിഞ്ഞിട്ടുള്ളതിനാൽ ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, അടിയന്തിരമായി പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കാത്ത പക്ഷം ടിയാൾ കൈപ്പറ്റിയിട്ടുള്ള പദ്ധതി ആനുകൂല്യം കരാർ വ്യവസ്ഥകൾ പാലിച്ച് തിരികെ ഈടാക്കി, എസ്.സി.പി. ഫണ്ട് ഹെഡിൽ ഒടുക്കേണ്ടതുമാണ്.

## 1-26 സ്രോതസ്സിൽ ഈടാക്കേണ്ടുന്ന നികുതികൾ ഈടാക്കിയില്ല

പ്രോ.നം. 94/23 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ (സ്പിൽ ഓവർ)

ഫണ്ടിനം - വികസന ഫണ്ട് (എസ്.സി.പി)

അടങ്കൽ തുക - 784000/-

ചെലവു തുക - 555040/-

നിർവഹണാധികാരി - ഹെഡ് മാസ്റ്റർ

പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്ക് 34,690/- രൂപ നിരക്കിൽ ജെം മുഖാന്തിരം ഐറ്റി. പ്രൊഫഷണൽസ് കോ - ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. Notification No. 50/2018 – Central Tax തീയതി 13.10.2018 പ്രകാരം 2.5 ലക്ഷത്തിലധികമുള്ള വാങ്ങലുകൾക്ക് സാധനങ്ങളുടെ മൂല്യത്തിന്റെ 2% ടി.ഡി.എസ്. (1%CGST+1%SGST) ആയി ഈടാക്കേണ്ടതുണ്ട്. പദ്ധതി പ്രകാരമുള്ള വാങ്ങലിന് ഉപകരണങ്ങളുടെ വിലയായ 4,70,373/- രൂപയുടെ 2% നിരക്കിൽ ജി.എസ്.ടി. ടി.ഡി.എസ്. ഈടാക്കി ഒടുക്കേണ്ടിയിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. സ്രോതസ്സിൽ നികുതി ഈടാക്കിയിട്ടില്ലാത്തതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 34/18.09.2023) ടി സ്ഥാപനം നികുതി ഒടുക്കിയിട്ടില്ലായെങ്കിൽ ടി.ഡി.എസ്. തുക ടി സ്ഥാപനത്തിൽ നിന്നും ഈടാക്കി രേഖകൾ ലഭ്യമാക്കുന്നതായി മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനം ജി.എസ്.ടി. ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-27 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - പദ്ധതി അപാകങ്ങൾ

എസ്.സി. വിദ്യാർത്ഥികൾക്കായി ഗ്രാമ പഞ്ചായത്ത് പ്രോ. നം. 94/23 പ്രകാരം 555040/- രൂപ ചെലവിൽ 16 ലാപ്ടോപ്പുകളും, ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ പദ്ധതിയായ പ്രോ. നം. 266/21 പദ്ധതിയിലൂടെ 12 ലാപ്ടോപ്പുകളും തൻവർഷം വിതരണം ചെയ്തിട്ടുണ്ട്.

പ്രോ. നം. 266/21 പദ്ധതിയിലൂടെ 17 ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിലേക്കായി 4,82,868/- രൂപ 2020-21 സാമ്പത്തിക വർഷത്തിൽ കെൽട്രോണിനു നൽകിയിരുന്നുവെങ്കിലും പ്രസ്തുത ഉപകരണങ്ങൾ കെൽട്രോൺ ലഭ്യമാക്കിയിരുന്നില്ല. 2020-21 ൽ വർക്ക് ഓർഡർ നൽകിയിരുന്ന നിരക്കിലും സ്പെസിഫിക്കേഷനിലും ഉപകരണങ്ങൾ ലഭ്യമല്ലായെന്നും, പദ്ധതി പ്രകാരം ഒടുക്കിയ തുക തിരികെ ലഭ്യമാക്കുന്നതിലേക്കായി സി.പി.ആർ.സി.എസ്. പോർട്ടലിലൂടെ അപേക്ഷ സമർപ്പിക്കുന്നതിനും അറിയിച്ച് കെൽട്രോൺ 26.03.2022 ൽ ഗ്രാമ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്.

എന്നാൽ, 2020-21 ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 12 പേർ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചതിനാൽ ടി വ്യക്തികൾക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് അനുസൃതമായി 12 ലാപ്ടോപ്പുകൾ ലഭ്യമാക്കി വിതരണം നടത്തുന്നതിനും ബാക്കി തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥനായ നേമം UPS ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തി 10.10.2022 ലെ ഭരണസമിതി തീരുമാനിച്ചിരുന്നു (തീരുമാനം നം. 1(6)). ഇതേ തുടർന്ന് 2022-23 സാമ്പത്തിക വർഷാവസാനത്തിൽ 4,69,452/- രൂപ ചെലവിൽ 12 ലാപ്ടോപ്പുകൾ കെൽട്രോൺ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ.

എ) ലാപ്ടോപ്പിനായി കെൽട്രോണിനു നൽകിയിരുന്ന തുക 4,82,868/- രൂപയാണ്. 28.01.2023 ലെ ബിൽ പ്രകാരം കെൽട്രോൺ ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങളുടെ മൂല്യം 4,69,452/- രൂപയാണ്. അധികമായി ഒടുക്കിയ 13,416/- ( 4,82,868 - 4,69,452) രൂപ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. തുക തിരികെ ലഭ്യമാകുന്നതിലേക്ക് സി.പി.ആർ.സി.എസ്. പോർട്ടൽ മുഖാന്തിരം അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നുവെങ്കിലും അപ്രകാരം തുക തിരികെ ആവശ്യപ്പെട്ടതിനുള്ള രേഖകൾ ലഭ്യമായില്ല.

ബി) സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുമ്പോൾ ആയത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും, അപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ലഭ്യമാക്കാതെയാണ് ലാപ്ടോപ്പ് വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ളത്.

സി) ഡി.എ1/363/2019/തസ്വഭവ തീയതി 20.01.2020 നമ്പർ സർക്കുലർ പ്രകാരം 3MB Cache, 4GB RAM Windows 10 സ്പെസിഫിക്കേഷനിലെ ലാപ്ടോപ്പുകളാണ് അനുവദിക്കേണ്ടത് എന്നിരിക്കേ, 6MB Cache, 8GB RAM Windows11 എന്ന അധിക സ്പെസിഫിക്കേഷനിലെ ലാപ്ടോപ്പുകളാണ് ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളത്.

ഡി) അഞ്ചാം വാർഡിലെ ഉപഭോക്താക്കളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം വ്യക്തമല്ല. ഗ്രാമസഭ മിനിട്സിൽ പ്രസ്തുത ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

ഇ) 2020-2021 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം ലാപ്ടോപ്പ് വിതരണം ചെയ്തത് 2023 മാർച്ച് മാസത്തിലാണ്. 2020-21 ലെ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് അനുവദിച്ചപ്പോൾ ടി ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് ആവശ്യമുണ്ടോയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ 2020-21 അക്കാദമിക വർഷത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായതാണ്.

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/14.09.2023) കെൽട്രോണിൽ നിന്നും തിരികെ ലഭിക്കുവാനുള്ള 13,416/- രൂപ തിരികെ ലഭ്യമായില്ലായെന്ന മറുപടി നൽകി. പട്ടികജാതി/പട്ടിക വർഗ വകുപ്പിൽ നിന്നും ലാപ്ടോപ്പ് അനുവദിച്ചിട്ടില്ലായെന്നതിനുള്ള രേഖകൾ ബന്ധപ്പെട്ട സാക്ഷ്യപത്രം ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും, നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലെ ലാപ്ടോപ്പുകൾ ലഭ്യമല്ലായെന്ന കെൽട്രോൺ അറിയിച്ചതിനാലാണ് കൂടിയ സ്പെസിഫിക്കേഷനിലെ ഉപകരണങ്ങൾ വാങ്ങി പദ്ധതി നിർവഹണം നടത്തിയത് എന്നും, അഞ്ചാം വാർഡിൽ ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കൾക്ക് അടുത്ത ഗ്രാമസഭയിൽ സാധൂകരണം ലഭ്യമാക്കുന്നതായും മറുപടി നൽകി.

ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ള തുക 13,416/- രൂപ തിരികെ ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്. അഞ്ചാം വാർഡിലെ ഗുണഭോക്താക്കളെ ഗ്രാമസഭ സാധൂകരിച്ചതിനുള്ള രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-28 കാലഹരണപ്പെട്ട ചെക്കുകൾ Stale Cheques ഇനത്തിൽ ബുക്ക് ചെയ്തിട്ടില്ല.

Kalliyoor Cooperative Society - Relief Fund, SBI 010003482 അക്കൗണ്ടിന്റെ Reconciliation സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheque Issued But Not Presented To Bank എന്ന ഇനത്തിൽ 9000/- രൂപ അവശേഷിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം. | തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 4771 | 30.06.22 | 1000 |
| 4774 | 16.05.22 | 1000 |
| 4773 | 16.05.22 | 1000 |
| 4748 | 31.10.22 | 1000 |
| 4749 | 31.10.22 | 1000 |
| 4752 | 02.11.22 | 1000 |
| 4753 | 04.11.22 | 1000 |
| 4757 | 02.02.23 | 1000 |
| 4758 | 02.02.23 | 1000 |

സ്ഥാപനം ഇഷ്യൂ ചെയ്ത ചെക്കുകളിൽ 3 മാസം കഴിഞ്ഞിട്ടും ക്യാഷ് ആകാത്ത ചെക്കുകൾ Stale Cheque വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. മേൽ ചെക്കുകളിൽ കാലഹരണപ്പെട്ട ചെക്കുകൾ Stale Cheques ഇനത്തിൽ ബുക്ക് ചെയ്തിട്ടില്ല. അപേക്ഷകൾ സ്വീകരിച്ച് കമ്മിറ്റികളുടെ പരിശോധനയ്ക്ക് വിധേയമായിട്ടാണ് ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതെന്നും ചെക്ക് തയ്യാറാകുമ്പോൾ അവ കൈപ്പറ്റുന്നതിന് രോഗികളായ അപേക്ഷകർക്ക് കഴിയാത്ത സാഹചര്യം വരുന്നതിനാലാണ് ചെക്കുകൾ ബാങ്കിൽ പ്രസന്റ് ചെയ്യാതെ അവശേഷിക്കുന്നതെന്നുമാണ് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/12.09.2023) മറുപടി നല്കിയിരിക്കുന്നത്. ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിന് ചട്ടങ്ങൾ കൃത്യമായി പാലിക്കേണ്ടതും തുടർ നടപടിവിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-29 ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം താഴെ ചേർക്കുന്ന തുക മെഡിക്കൽ ഓഫീസർ, പി.എച്ച്.സി യ്ക്ക് നല്കിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|---|
| 1 | 42200228 | 08667/20.05.22 | 4,20,000 |

തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവുരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (40/19.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ചതിന് രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-30 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷം ക്രമീകരിക്കാതെ അവശേഷിച്ച അഡ്വാൻസ് തുകകൾ 2022-23 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | Festival Advance | 24000 |
| 2 | Temporary Advance For Official Purposes | 35600 |
| 3 | Advance To Implementing Officers | 20000 |

ക്രമീകരിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനായി നല്കിയ എൻക്വയറിക്ക് (നം. 3/ 12.09.2023) Festival Advance ഇനത്തിൽ 24000/- രൂപ 21-22 വർഷം അനുവദിച്ച് നൽകിയതാണെന്നും സ്ഥലം മാറിപ്പോയതിനാൽ തിരിച്ചടക്കാത്തതാണെന്നും അറിയിച്ചിരിക്കുന്നു. Advance To Implementing Officers - 20000/- രൂപ കൃഷിയുമായി ബന്ധപ്പെട്ട പരിപാടിക്ക് പ്രസിഡന്റിന് അനുവദിച്ചതാണെന്നും അറിയിച്ചിരിക്കുന്നു. അഡ്വാൻസുകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-31 റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെൻറ് - അപാകതകൾ

കാനറ ബാങ്കിന്റെ (Own Fund), നേമം ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

A) 2023 ഫെബ്രുവരി മാസത്തെ റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheque Issued But Not Presented To The Bank ഇനത്തിൽ 820295/- (04-ാം മാസം മുതലുള്ളത്) താഴെ ചേർക്കുന്ന ചെക്കുകൾ 31-03-2023

നകം Clear ചെയ്തിരിക്കുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 441380/20.06.2022 | 7295 |
| 441390/12.07.2022 | 6867 |
| 337550/30.08.2022 | 8064 |
| 337555/31.08.2022 | 8253 |
| 441372/10.06.2022 | 205915 |
| 15.04.2022 | 3094 |
| 441377/16.06.2022 | 270000 |
| 441387/11.07.2022 | 212619 |
| 337555/31.08.22 | 37080 |

മേൽ ചെക്കുകൾ റീവാലിഡേറ്റ് ചെയ്യുന്നതിനായി ഗുണഭോക്താക്കൾ അപേക്ഷ നല്കിയതിന്റെയും റീവാലിഡേറ്റ് ചെയ്തു നല്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (39/18.09.23) മറുപടി ലഭ്യമാക്കിയില്ല.

B) Directly Credited By Bank ഇനത്തിൽ 2,99,398/- (04-ാം മാസം മുതലുള്ളത്) അക്കൗണ്ടിൽ Credit ആയിരിക്കുന്നു. ആയത് ഏതിനത്തിലുള്ള വരവാണെന്നും ഏതൊക്കെ ഹെഡിലാണ് ബുക്ക് ചെയ്തിരിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (39/18.09.23) മറുപടി ലഭ്യമാക്കിയില്ല.

C) Cheque Deposited But Not Cleared ഇനത്തിൽ 3,29,542/- രൂപയുടെ ചെക്കുകൾ (04-ാം മാസം മുതലുള്ളത്) 31-03-2023 നകം Clear ചെയ്തിരിക്കുന്നു. ടി ചെക്കുകൾ Revalidate ചെയ്തു ലഭിച്ചതിന്റെയും Revalidate ചെയ്തു ലഭിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനവുമായി നടത്തിയ കത്തിടപാടിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (39/18.09.23) മറുപടി ലഭ്യമാക്കിയില്ല.

D) Directly Debited By Bank ഇനത്തിൽ 8,87,885/- രൂപ 31.03.2023 നകം Debit ചെയ്തിരിക്കുന്നു. പ്രസ്തുത തുകകൾ ഏതൊക്കെ ചെലവുകൾക്ക് ഏതൊക്കെ ഹെഡിലാണ് ബുക്ക് ചെയ്തിരിക്കുന്നതെന്നതിന്റെ വിശദാംശങ്ങളും 8,87,885/- രൂപ Directly Bank Debit ചെയ്യാനുണ്ടായ സാഹചര്യവും വ്യക്തമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (39/18.09.23) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 വാഹനങ്ങളുടെ പരിപാലനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ (എം.എസ്)170/2007/ത.സ്വ.ഭ.വ തീയതി 30.6.2007 പ്രകാരം

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്
  2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
  3. റിപ്പയർ രജിസ്റ്റർ
  4. ഫ്യുവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് ഒഴികെ മറ്റൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
- ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്.
- വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.
- ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

• ധനകാര്യ വകുപ്പിന്റെ 22-10-2020ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" -എന്ന സൈറ്റിൽ 30-11-2020 -ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 100000 | സുഭിക്ഷ കേരളം -ജൈവനെൽകൃഷി -തരിശ് | 100000 | 0 |
| | | 0 | 217600 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 217600 | 0 |
| | | 0 | 1000000 | ലൈഫ് മിഷൻ പദ്ധതി - ജനറൽ | 1000000 | 0 |
| | | 0 | 482750 | സ്നേഹ സ്പർശം | 482750 | 0 |
| | | | 200000 | അങ്കണവാടി പോഷകാഹാരം | 200000 | 0 |
| | | 0 | 298976 | ക്ഷീര സമൃദ്ധി | 298976 | 0 |
| | | 0 | 300000 | അതിദാരിദ്രം-മൈക്രോപ്ലാൻ-ഭക്ഷണം | 300000 | 0 |
| | | 3613209 | 0 | മുൻ വർഷത്തെ പ്രോജക്ടുകൾ | 0 | |
| ആകെ | | 3613209 | 2599326 | | 2599326 | 3613209 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 217600 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 217600 | 0 |
| | | 0 | 35000 | ഹരിത ഭവനം | 35000 | 0 |
| | | 0 | 448750 | സ്നേഹ സ്പർശം | 448750 | 0 |
| | | 0 | 1100000 | ലൈഫ് മിഷൻ പദ്ധതി - ജനറൽ | 1100000 | 0 |
| | | 0 | 120000 | ലൈഫ്-എസ്സി.എസ്ടി-ഫിഷറീസ്-അഡീഷനൽ ലിസ്റ്റ് | 120000 | 0 |

| | | | | | |
|---|---|---|---|---|---|
| | 0 | 180000 | ലൈഫ് മിഷൻ പദ്ധതി - എസ്.സി | 180000 | 0 |
| | 0 | 500000 | 73-അംഗനവാടിക്ക് പുതിയ കെട്ടിട നിർമ്മാണം | 500000 | 0 |
| | 0 | 300000 | ക്ഷീര സമൃദ്ധി | 300000 | 0 |
| | | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | |
| ആകെ | 339631 | 2901350 | | 2901350 | 339631 |
| | 0 | 148960 | അംഗൻവാടി കെട്ടിടങ്ങളുടെ പൂർത്തകരണം | 148960 | |
| മുനിസിപ്പൽ കോർപ്പറേഷൻ | 0 | 877119 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം | 877119 | |
| | 0 | 500000 | 73- അംഗനവാടിക്ക് പുതിയ കെട്ടിട നിർമ്മാണം | 500000 | |
| | 1600000 | 0 | മുൻ വർഷത്തെ പ്രോജക്ടുകൾ | 0 | |
| ആകെ | 1600000 | 1526079 | | 1526079 | 1600000 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻ വർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4, ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3613209 | 2899326 | 6512535 | 2599326 | 3913209 | 2354549 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 339631 | 3301350 | 3640981 | 2901350 | 739631 | 339631 |
| മുനിസിപ്പൽ കോർപ്പറേഷൻ | 1600000 | 1400000 | 3000000 | 1526079 | 1473921 | 200000 |

സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുൻസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രികയും (B4) തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-15 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 200/23ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 161857 | - | 161857 |
| | 5/23വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 265792 | 5740 * | 260052 |
| കേരള വാട്ടർ അതോറിറ്റി | 347/23കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 120000 | - | 120000 |
| | 6/23 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 600000 | | 600000 |
| | 279/23 കുടിവെള്ള വിതരണം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 800000 | | 800000 |

* വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക.

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | 2022-23 വർഷം തിരികെ ലഭിച്ച തുക (Rp-49 പ്രകാരം) | നീക്കിയിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 6918442 | 427649 | 7346091 | 0 | 7346091 | 7346091 |
| കേരള വാട്ടർ അതോറിറ്റി | 3911755 | 1520000 | 5431755 | 0 | 5431755 | 4014845 |

നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയ്ക്ക് നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പും ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമുണ്ട്. അപാകം ഖണ്ഡിക 1-1-16 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|
| 20872030 | 3075550 | 5024262 | 18776318 |

വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് (B5) പ്രകാരമുള്ള വായ്പയുടെ നീക്കിയിരിപ്പ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പരിശോധിക്കാൻ വായ്പാ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. അപാകം ഖണ്ഡിക 1-1-8 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 1 | 2019-20 | 1-35 | 4627 | Assistant Engineer, LSGD, Kalliyoor |
| 2 | 2019-20 | 1-15 | 900 | Assistant Engineer, LSGD, Kalliyoor |
| 3 | 2019-20 | (1)(8)(1) | 5628 | Shibu, Aji Mathews |
| 4 | 2020-21 | 1(35) | 1366 | Assistant Engineer, LSGD, Kalliyoor, (Recovery From Convenor Rejani.) Project No. 250/21 |
| 5 | 2020-21 | 1(35) | 4997 | Assistant Engineer, LSGD, Kalliyoor, (Recovery From Convenor Gopakumar) Project No. 243/21 |
| 6 | 2020-21 | | 1861 | Assistant Engineer, LSGD, Kalliyoor, (Recovery From Convenor Gopakumar) Project No. 252/21 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 15108387 |
| ഓഡിറ്റ് വർഷത്തെ വരവ് | 66813911 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 60353974 |

| | |
|---|---|
| നീക്കിയിരിപ്പ് | 21568324 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3140574 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 11,98,665 | ശ്രീ. എം.ജയകുമാർ, സെക്രട്ടറി |
| 1-20 | 4,21,909 | ശ്രീ. എം.ജയകുമാർ, സെക്രട്ടറി |
| 1-23 | 15,20,000 | ശ്രീ. എം.ജയകുമാർ, സെക്രട്ടറി |
| ആകെ | 31,40,574 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.ജയകുമാർ, സെക്രട്ടറി | സെക്രട്ടറി, കല്ലിയൂർ ഗ്രാമപഞ്ചായത്ത് | കിഴക്കേചെമ്പകശ്ശേരിൽ തെക്കേച്ചേരി, കാഞ്ഞാവെള്ളി .പി.ഒ, കൊല്ലം - 691602 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/224/2019, തീയതി 25.4.2019 | 22 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/327/2020, തീയതി 2.6.2020 | 24 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/173/2022, തീയതി 19.3.2022 | 38 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/748/2022, തീയതി 23.6.22 | 43 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/144/2023, തീയതി 04/03/2023 | 34 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number I(1) dated 08-08-2023 and submitted on 08-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kalliyoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kalliyoor Grama Panchayat for the year 2022-2023

Date: 03/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Kalliyoor Grama Panchayat for the Year 2022-2023.

**1.Major Observations**

1.Discrepancies in carrying forward the closing balance from previous year in receipt of assets. The previous year's closing balance of SBI E-payment account of amount Rs. 23,74,548/- does not match the current year's opening balance.

2. The Bank accounts opened for the accounting of MGNREGS and vathil padi sevanam have not been included in the annual financial statement.

3. Deficit account : As per the Income and Expenditure statements, Income is 242874939/- and Expenditure is 243125520/-. Since the Expenditure exceeds income it is deficit account.

**2.Other Observations**

1.The mandatory financial statements such as ratios, notes on accounts are not submitted for audit.
2. Depreciation is provided for assets not included in the annual financial statements. Eg: Accumulated depreciation for Plant& Machinery is 1222118/- as per B11(a) schedule.. But there is no such an asset as per AFS.
3.Net increase in cash flow (Rs. 6459937/-) does not match with the difference between the opening balance of cash and cash

equivalents (Rs.4828428/-)
4. An amount of Rs. 9000/-(9 cheques) remain as cheque issued but not presented to bank and uncashed for more than three months
were not transferred to Stale Cheque Account.
5. cash book balance of CFC (tied and untied) fund is 14816577/- and it doesnot match with bank book balance, 6738384/-
6.Stock Register, Loan Register, Asset Register, Advance Register and Deposit Register have not been made available for audit. Therefore, the accuracy of the annual figures is not ascertained.
7. The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.
8. Lapses in making timely and accurate demand entries for tax and non-tax revenue.
10. Misclassification of receipt voucher . For example Income from market fee, Institutional profession tax are booked in wrong account heads which leads to mismatch in balance sheet.
11. Amount received from e-tender forms are not included in the Annual Financial Statements.
12. Amounts equivalent to part bills issued for creation of assets are not included as Capital work in progress schedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്